# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-പി.കെ.ഡി-25/227/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 23/03/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-പി.കെ.ഡി-25/227/2023 തീയ്യതി: 23/03/2023

## പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-06-2022 മുതൽ 05-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാബു.പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 06-01-2023 | 16-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-01-2023 | 16-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഷർഫുദ്ദീൻ.എസ്.എച്ച്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.സരിത.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.നസീറബാനു.എ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.അശ്വിനി.ടി.കെ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.ലിസ്സി സുരേഷ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.കെ.കെ.ജയകുമാർ | സെക്രട്ടറി | 01-04-2021 | 31-05-2021 |
| ശ്രീ.ബിന്ദു ജോഷി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2021 | 19-07-2021 |
| ശ്രീ.മാർട്ടിൻ ജോർജ്ജ് | സെക്രട്ടറി | 20-07-2021 | 27-10-2021 |
| ശ്രീ.മേഘനാഥൻ.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-10-2021 | 01-11-2021 |
| ശ്രീമതി.രാധിക.കെ | സെക്രട്ടറി | 02-11-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.റാണി ആർ ഉണ്ണിത്താൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.മജീഷ് ആന്റണി | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2021 | 19-11-2021 |
| ഡോ.ജയശ്രീ എസ് | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 20-11-2021 | 31-03-2022 |
| ഡോ.പ്രതാഭ്.എ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.മനോജ് വി തോമസ് | മെഡിക്കൽ ഓഫീസർ(ആയൂർവേദം) | 01-04-2021 | 31-03-2022 |
| ഡോ.ശ്രീദേവി.പി | സീനിയർ വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.അംബിക.കെ | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീമതി.ഉമൈബ.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സുന്ദരി.സി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 30-06-2021 |
| ശ്രീമതി.ജിനി ജോർജ്ജ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-07-2021 | 31-03-2022 |
| ശ്രീ.രവീന്ദ്രൻ.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 07-08-2021 |
| ശ്രീമതി.രജനി.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 08-08-2021 | 31-03-2022 |
| ശ്രീ.ബിന്ദു ജോഷി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 20-07-2021 |
| ശ്രീ.ഡേവിസ്.പി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 21-07-2021 | 25-07-2021 |

| | | | |
|---|---|---|---|
| | (ഇൻചാർജ്) | | |
| ശ്രീ.മേഘനാഥൻ.പി | അസിസ്റ്റന്റ് സെക്രട്ടറി | 26-07-2021 | 21-01-2022 |
| ശ്രീ.ഡേവിസ്.പി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 22-01-2022 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം | 1-10 |
| 12 | തൊഴിൽനികുതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-11 |
| 13 | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും കുറഞ്ഞ തൊഴിൽ നികുതി ഈടാക്കുന്നു | 1-11-1 |
| 14 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-11-2 |
| 15 | വസ്തുനികുതി നിർണ്ണയം- ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതിനാൽ നികുതി നഷ്ടം | 1-12 |
| 16 | ലൈസൻസ്- രേഖകളുടെ പരിശോധനയിൽ കണ്ടത്തിയ അപാകതകൾ | 1-13 |
| 17 | മൂലധന നിക്ഷേപം രേഖപ്പെടുത്താത്ത അപേക്ഷകളിൽ ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നു. | 1-13-1 |
| 18 | ഒരേ മൂലധന നിക്ഷേപ പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്ത ലൈസൻസ് ഫീസ് ഈടാക്കുന്നു. | 1-13-2 |
| 19 | മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കാവുന്ന പരമാവധി ഫീസ് ഈടാക്കിയിട്ടില്ല. | 1-13-3 |
| 20 | വാട്ടർ ചാർജ് ഇനത്തിലുള്ള കുടിശ്ശിക ഈടാക്കേണ്ടതാണ്. | 1-14 |
| 21 | സുഭിക്ഷ കേരളം-വനിതകൾക്ക് വീട്ട് വളപ്പിൽ മുട്ടക്കോഴി വളർത്തൽ)- സബ്സിഡി അനുവദിച്ചതിൽ കുറവ് | 1-15 |
| 22 | ജീവിതശൈലി രോഗനിയന്ത്രണത്തിന് മരുന്ന് വാങ്ങൽ പദ്ധതി- മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. | 1-16 |
| 23 | കന്നുകുട്ടി പരിപാലനം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-17 |
| 24 | അങ്കണവാടികളിലെ കുട്ടികൾക്ക് പോഷകാഹാരം വാങ്ങിയ തുകയിൽ നിന്നും | 1-18 |

| | | |
|---|---|---|
| | ടി.ഡി.എസ് കുറവ് വരുത്തിയിട്ടില്ല | |
| 25 | ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണം | 1-19 |
| 26 | പശ്ചാത്തലസൗകര്യങ്ങൾ ഒരുക്കാതെ ജിം ഉപകരണങ്ങൾ വാങ്ങി - ചെലവു തുക തടസ്സപ്പെടുത്തുന്നു | 1-20 |
| 27 | കുടിവെള്ള പദ്ധതികൾക്കായി 99 ലക്ഷം രൂപ ചെലവിടുന്നു | 1-21 |
| 28 | കെൽട്രോണിൽ നിന്നും തിരികെ ലഭ്യമായ തുക സർക്കാരിലേക്ക് അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-22 |
| 29 | ആശ്രയ ഫണ്ടിൽ അവശേഷിക്കുന്ന തുക അഗതിരഹിതകേരളം പദ്ധതിക്ക് വിനിയോഗിക്കേണ്ടതാണ് | 1-23 |
| 30 | കുടിവെള്ള പദ്ധതികൾ- കേടായ മോട്ടോർ തിരികെ ഏൽപ്പിച്ചതിന്റെ വിവരം ലഭ്യമായില്ല | 1-24 |
| 31 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പദ്ധതികൾ- ലഘു അവലോകനം | 1-25 |
| 32 | MGNREGS മെറ്റീരിയൽ പർച്ചേസ്- സപ്ലൈയറിൽ നിന്ന് GST സോഴ്സിൽ നിന്നും 2% ഈടാക്കി അടവാക്കിയിട്ടില്ല. | 1-26 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

| | |
|---|---|
| 3 | വാർഷിക ധനകാര്യ പത്രിക- സംക്ഷിപ്തം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

18-02-2021 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 2/2 പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | ₹26,65,941 |
| തൻവർഷം വരവ് | ₹35,17,06,941 |
| ആകെ വരവ് | ₹35,43,72,882 |
| ചെലവ് | ₹34,95,17,000 |
| നീക്കിയിരിപ്പ് | ₹48,55,882 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2021-22 | 31.07.2022 | 16.08.2022 | - | - |

വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് സമയപരിധിക്കുള്ളിൽ അയച്ചു തരുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

വാർഷികകണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിലെ (ശീർഷകം- Profession Tax Employees, കോഡ്-110200102) 2020-21 വർഷത്തെ ലഭിക്കേണ്ടതും ലഭിച്ചതുമായ ആകെ വരവായി രേഖപ്പെടുത്തിയിട്ടുള്ളത് 33,54,070/-രൂപയാണ്. എന്നാൽ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഈ ഇനത്തിലെ വരവ് 33,02,320/-രൂപയാണ്. 51,750/-രൂപയുടെ വ്യത്യാസം കാണുന്നുണ്ട്.

2. MGNREGS ക്യാഷ് ബുക്കിലെ വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

3.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

4.സുലേഖ ചെലവു പത്രിക പ്രകാരം ആകെ ബ്ലോക്ക് ഷെയർ വരവ് 1408325 രൂപയാണ് എന്നാൽ R&P

പത്രിക പ്രകാരം ആകെ ബ്ലോക്ക് ഷെയർ ( Head Code -160300102) 1308325 രൂപ മാത്രമാണ് വരവിൽ വന്നിട്ടുള്ളത്. 100000/- രൂപയുടെ വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

5. വാർഷിക ധനകാര്യപത്രിക പ്രകാരം Recovery From Employees-Penalties And Fines, Recovery From Employess- Audit Recovery Based On Charge Certificate, Recovery From Employees- Others എന്നീ 3 ഹെഡുകളിലായാണ് ഓഡിറ്റ് റിക്കവറി വരവ് എടുത്തിട്ടുള്ളത്.

മേൽ സൂചിപ്പിച്ച അപാകങ്ങൾ (ക്രമ നം 1 മുതൽ 3 വരെ) സംബന്ധിച്ച വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് അന്വേഷണം 19/16-01-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ നം. 4,5 അപാകങ്ങൾ ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹ 15136978.50 |
| വരവ് | 123311089.00 |
| ആകെ | ₹138448067.50 |
| ചെലവ് | 123817414.00 |
| നീക്കിയിരിപ്പ് | ₹14630653.50 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ* | 0 | 17737401 | 17737401 | 17735432 | 1969 |
| വികസന ഫണ്ട് - എസ്.സി.പി ** | 0 | 12968666 | 12968666 | 12326050 | 642616 |
| വികസന ഫണ്ട് - ടി.എസ്.പി | 0 | 318000 | 318000 | 318000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 21477000 | 21477000 | 17828090 | 3648910 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 8651953 | 8651953 | 6530311 | 2121642 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(Tied)-Treasury | 0 | 2463712 | 2463712 | 1592428 | 871284 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(Tied)-Bank | 0 | 5972000 | 5972000 | 5728346 | 243654 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(Untied)-Treasury | 0 | 4321549 | 4321549 | 4116169 | 205380 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(Untied)-Bank | 0 | 4057807 (Bank Interest-75807 രൂപ ഉൾപ്പെടെ) | 4057807 (Bank Interest-75807 രൂപ ഉൾപ്പെടെ) | 3341472 (Bank Charges -611 രൂപ ഉൾപ്പെടെ) | 716335 |

*ലൈഫ് മിഷൻ തിരിച്ചടവ് (ജനറൽ), അങ്കണവാടി ജീവനക്കാരുടെ പ്രതിഫല തുക(ജനറൽ) എന്നീ ഇനത്തിൽ ഈടാക്കുന്ന തുക ₹2159066 വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

**ലൈഫ് മിഷൻ തിരിച്ചടവ് (എസ്.സി.പി) ₹190667 വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

കേന്ദ്രാവിഷ്കൃതം

1. ICDS

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്ര വിഹിതം | 749293 | 983938 | 1733231 | 1071487 | 661744 |

2. തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി. എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 6321 | 923148 | 929469 | 929465 | 4 |
| എം.എൻ.ആർ. ഇ.ജി. എസ്-തൊഴിലാളി കളുടെ വേതനം | 0 | 34174453 | 34174453 | 34174453 | 0 |
| ആകെ | 6321 | 35097601 | 35103922 | 35103918 | 4 |

3. ശുചിത്വ ഫണ്ട്

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ മിഷൻ ഗ്രാന്റ് | 3689330 | 485250 | 4174580 | 3011695 | 1162885 |

4.PYKA

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| PYKA | 155722 | 0 | 155722 | 0 | 155722 |

തുക ചെലവഴിക്കാൻ സാധിക്കാത്ത പക്ഷം സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

5.സംസ്ഥാനാവിഷ്കൃതം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 860000 | 580000 | 1440000 | 1110000 | 330000 |
| എം.എൻ. ലക്ഷം വീട് | 3942881 | 0 | 3942881 | 0 | 3942881 |
| വിമുക്തി | 7170 | 0 | 7170 | 0 | 7170 |
| കില-ഡിസാസ്റ്റർ മാനേജ്മെന്റ് ട്രെയിനിംഗ് | 7836 | 0 | 7836 | 5396 | 2440 |

| | | | | | |
|---|---|---|---|---|---|
| ചാലഞ്ച് ഫണ്ട്-അഗതിരഹിത കേരളം | 537621 | 0 | 537621 | 537621 | 0 |
| ആകെ (Code-320300199) | 5355508 | 580000 | 5935508 | 1653017 | 4282491 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 251 | 159613073 | 199 | 89447552 | 0 | 52 | 79.28 |

അംഗീകാരം ലഭ്യമായ 251 പ്രൊജക്റ്റുകളിൽ 199 എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 56.04% മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 3 | 8173673 | 6950090 | 85.03 |
| വെറ്ററിനറി സർജൻ | 4 | 3 | 2904500 | 1589500 | 54.73 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 5 | 5 | 1475000 | 1293273 | 87.68 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 250000 | 250000 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 1761953 | 1761953 | 100 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 0 | 1968000 | 0 | 0 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 23 | 21 | 63317852 | 16431436 | 25.95 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 4 | 5722040 | 4229653 | 73.92 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 645000 | 645000 | 100 |
| സെക്രട്ടറി | 50 | 36 | 18102077 | 14337527 | 79.2 |
| ഹെഡ് മാസ്റ്റർ | 5 | 5 | 2348700 | 1299022 | 55.31 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 135 | 108 | 48606905 | 36614231 | 75.33 |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 11 | 4337373 | 4045867 | 93.28 |
| ആകെ | 251 | 199 | 159613073 | 89447552 | 56.04 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി. എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 6321 | 923148 | 929469 | 929465 | 4 |
| എം.എൻ.ആർ. ഇ.ജി. എസ്- തൊഴിലാളികളുടെ വേതനം | 0 | 34174453 | 34174453 | 34174453 | 0 |
| ആകെ | 6321 | 35097601 | 35103922 | 35103918 | 4 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 11741100 | 701 |
| വിധവാപെൻഷൻ | 24720100 | 1554 |
| വാർദ്ധക്യകാലപെൻഷൻ | 41614300 | 2867 |
| വികലാംഗപെൻഷൻ | 5576500 | 363 |
| അവിവിവാഹിത പെൻഷൻ | 1676200 | 109 |

ക്ഷേമ പദ്ധതികളുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, ഫണ്ട് വിനിയോഗം തുടങ്ങിയവ സംബന്ധിച്ച പരാമർശങ്ങൾ *1-19ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.*

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.01.2023ന് 02.35 Pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ (സെക്രട്ടറിയുടെ) സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 21,838/-രൂപ (ഇരുപത്തിയൊന്നായിരത്തി എണ്ണൂറ്റി മുപ്പത്തിയെട്ട് രൂപ മാത്രം) നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ കാര്യങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. ഇന്റേണൽ ഓഡിറ്റിന്റെ ഭാഗമായി പെർഫോമൻസ് ഓഡിറ്റ് വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കുകയും ബഡ്ജറ്റ് തയ്യാറാക്കി ഭരണസമിതി ചർച്ച ചെയ്ത് പാസാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾ ബഡ്ജറ്റിനനുസരണമായി നിയന്ത്രിക്കുന്നതിനുള്ള

സംവിധാനം നിലവിലുള്ള സോഫ്റ്റ്‌വെയറിലില്ല. ഓരോ ചെലവും നടത്തുമ്പോൾ അക്കൗണ്ടന്റ് ബജറ്റിൽ അനുവദിച്ച തുകയേക്കാൾ കൂടുന്നുണ്ടോ എന്ന പ്രത്യേകം ശ്രദ്ധിക്കേണ്ടി വരുന്നുണ്ട്.

അടിയന്തിര സാഹചര്യങ്ങളിൽ മാന്വലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉപയോഗിക്കാത്തവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ മുഴുവൻ അക്കൗണ്ടുകളും ILGMSൽ ചേർത്തിട്ടുണ്ട്. അതിനാൽ എല്ലാ അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഓരോരുത്തർക്കും Login, Password ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ട്. തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം അക്കൗണ്ടന്റ്, ജെ.എസ് എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ കാലതാമസത്തിന് നിയമപ്രകാരം ഫൈൻ/പിഴപ്പലിശ ഈടാക്കുന്നുണ്ട്. എല്ലാ കളക്ഷനുകളും കാഷ് ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ട്.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടുന്നതിൽ വീഴ്ചവരുത്തിയിട്ടുണ്ട്. പ്രൊക്യൂർമെന്റ് പ്ലാൻ, പ്രൊക്യൂർമെന്റ് ബജറ്റ് ഇവ തയ്യാറാക്കുന്നില്ല. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ പ്രവർത്തനം സജീവമല്ല. ആസ്തികളുടെ മൂല്യം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം

കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2004-05 സാമ്പത്തിക വർഷം വരെയുള്ള ഓഡിറ്റ് 02.01.2006 മുതൽ 15.01.2006 വരെ കാലയളവിൽ പൂർത്തിയായിട്ടുണ്ട്. ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ ഇല്ല. പെർഫോമൻസ് ഓഡിറ്റ് വിഭാഗം നവംബർ 2022 വരെയുള്ള ഓഡിറ്റ് 26.12.2022 തീയതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

## 1-11 തൊഴിൽനികുതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. തൊഴിൽനികുതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-11-1 സ്വകാര്യ സ്കൂളുകളിലെ ജീവനക്കാരിൽ നിന്നും കുറഞ്ഞ തൊഴിൽ നികുതി ഈടാക്കുന്നു

സി.ബി.എസ്.ഇ യുടെ 18.10.2018ലെ അഫിലിയേഷൻ ബൈലോയിലെ 5.2.2 പ്രകാരം അധ്യാപക-അനധ്യാപക ജീവനക്കാരുടെ വേതനത്തെക്കുറിച്ച് “The Teaching And Non Teaching Staff Should Be Appointed On Pay Scales Prescribed By The Appropriate Government." എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 12.09.2011 ലെ സർക്കാർ ഉത്തരവ് (പി) 155/2011/LBR പ്രകാരം സംസ്ഥാനത്തെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകേതര ജീവനക്കാരുടെ കുറഞ്ഞ വേതനം നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ 2021-22 വർഷത്തിലെ തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ, മേൽ സൂചിപ്പിച്ച നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലെന്ന് കാണുന്നു.

എ)സ്ഥാപനത്തിന്റെ പേര്-എം.ഇ.എസ് സെൻട്രൽ സ്ക്കൂൾ,വടക്കഞ്ചേരി

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | തസ്തിക | ഏപ്രിൽ 1മുതൽ സെപ്റ്റംബർ 30 വരെയുള്ള | ഈടാക്കിയ തൊഴിൽ നികുതി (₹) | രസീതി നമ്പർ& തീയതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | ശമ്പളം (₹) (തൊഴിൽ നികുതി റിട്ടേണിൽ രേഖപ്പെടുത്തിയത്) | | |
| 1 | ജോളി കെന്നി | പ്രിൻസിപ്പൽ | 32915 | 300 | 1210105506 Dated 22.10.2021 |
| 2 | ശ്രീജ രാജശേഖരൻ | ടീച്ചർ | 26095 | 180 | |
| 3 | രേഷ്മ | ടീച്ചർ | 24580 | 180 | |
| 4 | റജീന.പി.ജെ | ടീച്ചർ | 24580 | 180 | |
| 5 | സുജൈന.എസ് | ടീച്ചർ | 16250 | 120 | |
| 6 | ഗീത.എസ്.നായർ | ടീച്ചർ | 16250 | 120 | |
| 7 | ജിഷ.പി.ജെ | ടീച്ചർ | 16250 | 120 | |
| 8 | ഷാനിബ.ജെ | ടീച്ചർ | 16250 | 120 | |
| 9 | ദിവ്യ.ആർ | ടീച്ചർ | 16250 | 120 | |
| 10 | പ്രിയ.എ.ഇ | ടീച്ചർ | 24580 | 180 | |
| | | | ആകെ | 1620 | |

ബി)ശ്രീ നാരായണ പബ്ളിക് സ്ക്കൂൾ, വള്ളിയോട്

ഒന്നാം അർദ്ധവാർഷിക നികുതി

| ക്രമ നമ്പർ | ജീവനക്കാരുടെ എണ്ണം | തസ്തിക | ശമ്പളം (തൊഴിൽ നികുതി റിട്ടേണിൽ രേഖപ്പെടുത്തിയത്) (₹) | ഈടാക്കിയ തൊഴിൽ നികുതി | രസീതി നമ്പർ& തീയതി |
|---|---|---|---|---|---|
| 1 | 23 | അക്കാദമിക് ഡയറക്ടർ-1<br>പ്രിൻസിപ്പൽ-1<br>ടീച്ചർ-18<br>ക്ലാർക്ക്-3 | 36000<br>(എല്ലാ ജീവക്കാർക്കും) | 300x23=6900 | 1210104730 Dated 28.09.2021 |
| ആകെ | | | | 6900 | |

രണ്ടാം അർദ്ധവാർഷിക നികുതി

| ക്രമ നമ്പർ | ജീവനക്കാരുടെ എണ്ണം | തസ്തിക | ഏപ്രിൽ 1 മുതൽ സെപ്റ്റംബർ 30 വരെയുള്ള ശമ്പളം (തൊഴിൽ നികുതി റിട്ടേണിൽ രേഖപ്പെടുത്തിയത്) | ഈടാക്കിയ തൊഴിൽ നികുതി | രസീതി നമ്പർ& തീയതി |
|---|---|---|---|---|---|
| 1 | 23 | അക്കാദമിക് ഡയറക്ടർ-1<br>പ്രിൻസിപ്പൽ-1<br>ടീച്ചർ-18<br>ക്ളർക്ക്-3 | 36000<br>(എല്ലാ ജീവനക്കാർക്കും) | 300x23= 6900 | 1210206533 Dated 25.02.2022 |
| ആകെ | | | | 6900 | |

സർക്കാർ നിഷ്കർഷിക്കുന്ന നിരക്കിലുള്ള ശമ്പളം തൊഴിൽ നികുതി റിട്ടേണുകളിൽ രേഖപ്പെടുത്താതെ അക്കാദമിക് ഡയറക്ടർ മുതൽ ക്ലാർക്ക് വരെയുള്ള മുഴുവൻ തസ്തികകളിലെ ജീവനക്കാർക്കാരുടെയും 6 മാസത്തെ ശമ്പളമായി രേഖപ്പെടുത്തിയിട്ടുള്ളത് 36000 രൂപയാണ്. ഇത്തരത്തിൽ കുറഞ്ഞ തുക

രേഖപ്പെടുത്തുമ്പോൾ തൊഴിൽ നികുതി ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ഗണ്യമായ നഷ്ടം സംഭവിക്കുന്നു. വിവിധ തസ്തികയിൽ ജോലി ചെയ്യുന്നവരുടെ യഥാർത്ഥ വരുമാനം പരിശോധിച്ച് ഉറപ്പു വരുത്തി അവയ്ക്ക് ബാധകമാകുന്ന തൊഴിൽ നികുതി ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം: 11/16.01.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

### 1-11-2 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2021-22 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ വോള്യം-1 പരിശോധിച്ചതിൽ വടക്കഞ്ചേരി ഗ്രാമ പഞ്ചായത്തിൽ പമ്പ് ഓപ്പറേറ്റർ തസ്തിയിൽ ജോലി ചെയ്യുന്ന 9 ജീവനക്കാർ (750*9*2=13500), ഇൻസിനറേറ്റർ ആയിജോലി ചെയ്യുന്ന 2 ജീവനക്കാർ (750*2*2=3000), റെയിൽവേ റിസർവേഷൻ സ്റ്റാഫ്-1 (750*1*2=1500), എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. മേൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-12 വസ്തുനികുതി നിർണ്ണയം- ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതിനാൽ നികുതി നഷ്ടം

വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 50 രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ളവയ്ക്ക് ചതുരശ്ര മീറ്ററിന് 60 രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. എന്നാൽ 100 ച. മീറ്ററിലധികം തറവിസ്തീർണ്ണമുള്ള 61 കെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുണ്ട്. 01.04.2013 ന് മുമ്പുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ നികുതി നഷ്ടം ഉണ്ടാവുന്നില്ലെങ്കിലും ഡാറ്റ പ്യൂരിഫിക്കേഷനുശേഷവും തെറ്റുകൾ തുടർന്ന് വരുന്നത് പരിഹരിക്കേണ്ടതാണ്. 01.04.2013 ന് ശേഷം നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളിൽ നികുതി നഷ്ടം ഉണ്ടാകുന്നുമുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) |
|---|---|---|
| 1 | 3/281 | 220 |
| 2 | 6/92 | 111 |
| 3 | 6/525 | 218 |
| 4 | 8/3 | 201 |
| 5 | 9/42 | 200 |
| 6 | 9/489 | 156.1 |
| 7 | 9/521 | 265 |
| 8 | 9/586 | 107.67 |
| 9 | 9/769 | 132.15 |
| 10 | 9/773 | 203 |
| 11 | 10/82 | 168 |
| 12 | 12/693 | 153 |
| 13 | 12/829 | 159 |
| 14 | 12/844 | 140 |
| 15 | 12/845 | 140 |
| 16 | 12/847 | 150 |
| 17 | 12/881 | 105 |
| 18 | 12/882 | 160 |
| 19 | 12/1287 | 105 |
| 20 | 12/1441 | 840 |
| 21 | 12/1481 | 146.1 |
| 22 | 12/1569 | 102 |

| | | |
|---|---|---|
| 23 | 12/1749 | 117.36 |
| 24 | 12/1792 | 165 |
| 25 | 12/1793 | 165 |
| 26 | 14/7 | 185 |
| 27 | 14/571 | 148 |
| 28 | 14/654 | 232 |
| 29 | 14/655 | 230 |
| 30 | 14/656 | 230 |
| 31 | 14/657 | 230 |
| 32 | 14/677 | 150 |
| 33 | 14/678 | 200 |
| 34 | 14/721 | 110 |
| 35 | 14/772 | 139.4 |
| 36 | 14/990 | 132 |
| 37 | 14/995 | 111.5 |
| 38 | 14/1237 | 300 |
| 39 | 14/1279 | 255 |
| 40 | 14/1486 | 280 |
| 41 | 14/1515 | 150 |
| 42 | 14/1519 | 145.84 |
| 43 | 14/1520 | 131.1 |
| 44 | 14/1521 | 131.1 |
| 45 | 14/1930 | 256.15 |
| 46 | 14/1931 | 256.15 |
| 47 | 14/2154 | 260 |
| 48 | 15/32 | 197.2 |
| 49 | 15/219 | 116 |
| 50 | 15/220 | 113 |
| 51 | 15/260 | 104 |
| 52 | 15/261 | 144 |
| 53 | 15/689 | 168 |
| 54 | 15/727 | 130.29 |
| 55 | 15/728 | 177 |
| 56 | 15/736 | 218 |
| 57 | 15/863 | 221 |
| 58 | 15/948 | 136.81 |
| 59 | 15/953 | 107.8 |
| 60 | 17/178 | 108 |
| 61 | 19/458 | 1800 |

ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 12/16.01.2023 ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയതിൽ 01.04.2013 ന് മുമ്പ് നിലവിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നിലവിലുള്ള നികുതിയുടെ പരമാവധി 100ശതമാനം വർദ്ധനവേ വരുത്താൻ കഴിയുകയുള്ളു എന്നതിനാലും 61 കെട്ടിടങ്ങളും 01.04.2013 ന് മുമ്പ് നിലവിലുള്ളതിനായാലും പരമാവധി നികുതി ചുമത്തിയിട്ടുള്ളതിനാൽ പഞ്ചായത്തിന് നഷ്ടം വന്നിട്ടില്ല എന്നറിയിച്ചിട്ടുള്ളത് അംഗീകരിക്കാവുന്നതല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | വിസ്തീർണ്ണം (ച.മീ)/ തരം | നിർണ്ണയിച്ച വസ്തുനികുതി | നിർണ്ണയിക്കേണ്ട വസ്തുനികുതി | പ്രാബല്യം | പ്രതി വർഷ നഷ്ടം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 12/<br>1792 | ഡോ.റാണി ബെന്നി | 165/<br>ഷോപ്പുകൾ | 165x50<br>=8250<br>ഇളവ് =6%<br>വർദ്ധനവ്<br>= 20%<br>BT= 9405<br>LC= 471<br>Total=9876 | 165x60<br>=9900<br>ഇളവ് =6%<br>വർദ്ധനവ്<br>= 20%<br>BT= 11286<br>LC= 565<br>Total=11851 | 2017<br>First Half | 1975 |

2017 പ്രാബല്യത്തിൽ നികുതി നിർണ്ണയം നടത്തിയിട്ടുള്ള 165 ച.മീ വിസ്തീർണ്ണമുള്ള മേൽ കെട്ടിടത്തെ വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഗണത്തിലുൾപ്പെടുത്തിയതിനാൽ 1975രൂപ പ്രതിവർഷ നഷ്ടം ഉണ്ടാകുന്നുണ്ട്. അതുകൊണ്ടുതന്നെ മേൽ കെട്ടിടങ്ങളിൽ 2013 ആദ്യപകുതിയ്ക്ക് ശേഷം നികുതി നിർണ്ണയം നടത്തിയിട്ടുള്ള കെട്ടിടങ്ങളുടെ ഫോം-6 പരിശോധിക്കേണ്ടതും കെട്ടിടങ്ങളെ 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഗണത്തിലുൾപ്പെടുത്തി നികുതി പുനർനിർണ്ണയിക്കേണ്ടതും അപാകത പരിഹരിച്ച് കെട്ടിടങ്ങളുടെ ഫോം-6 സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-13 ലൈസൻസ്- രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ പരിശോധനയിലെ കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു. ഓഡിറ്റ് അന്വേഷണം നമ്പർ 13/16.01.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-13-1 മൂലധന നിക്ഷേപം രേഖപ്പെടുത്താത്ത അപേക്ഷകളിൽ ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നു.

ലൈസൻസിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ സ്ഥാപനങ്ങൾ ഉൾപ്പെടുന്ന മേഖലയോ (ഉൽപാദനം, സേവനം എന്നിങ്ങനെ) മൂലധന നിക്ഷേപമോ അപേക്ഷകളിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ലൈസൻസ് നമ്പർ & തീയതി | സ്ഥാപനത്തിന്റെ പേര് | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|
| 1 | A4-1524/2021 /2021-2022-161 Dtd 01.04.2021 | ഫ്രഷ് ആൻഡ് മോർ സൂപ്പർമാർക്കറ്റ്, വടക്കഞ്ചേരി | 4000 |
| 2 | 1990/21 Dtd 01.04.2021 | കെ.എ.എം. മൂവീസ് | 2000 |

2018-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 -ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ ഉത്തരവ് പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനായി സ്ഥാപനങ്ങളെ ഉൽപാദനം, സേവനം എന്നീ മേഖലകളായും മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്നീ വിഭാഗങ്ങളായും തിരിക്കേണ്ടതുണ്ട്.

| ഇനം | പരമാവധി |
|---|---|

| | |
|---|---|
| | ലൈസൻസ് ഫീസ് |
| മൈക്രോ എന്റർപ്രൈസസ്- മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ ഇരുപത്തിയഞ്ചുലക്ഷം രൂപയിൽ കവിയാത്തതും സേവന മേഖലയിൽ പത്തു ലക്ഷം രൂപയിൽ കവിയാത്തതും | 500/- |
| മിനിഎന്റർപ്രൈസസ്- മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ ഇരുപത്തിയഞ്ചു ലക്ഷം രൂപയിൽ കവിയുന്നതും ഒരു കോടി രൂപയിൽ കവിയാത്തതും സേവന മേഖലയിൽ പത്തു ലക്ഷം രൂപയിൽകവിയുന്നതും ഇരുപത്തിയഞ്ചു ലക്ഷം രൂപയിൽ കവിയാത്തതും | 1000/- |
| സ്മാൾ എന്റർപ്രൈസസ്- മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ ഒരു കോടി രൂപയിൽകവിയുന്നതും അഞ്ചു കോടി രൂപയിൽ കവിയാത്തതും സേവന മേഖലയിൽ ഇരുപത്തിയഞ്ചു ലക്ഷം രൂപയിൽ കവിയുന്നതും രണ്ടു കോടി രൂപയിൽ കവിയാത്തതും | 5000/- |
| മീഡിയം എന്റർപ്രൈസസ്-മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ അഞ്ചു കോടി രൂപയിൽ കവിയുന്നതും പത്തു കോടി രൂപയിൽ കവിയാത്തതും സേവന മേഖലയിൽ രണ്ടു കോടി രൂപയിൽ കവിയുന്നതും അഞ്ചു കോടി രൂപയിൽ കവിയാത്തതും | 10000/- |
| ലാർജ് എന്റർപ്രൈസസ്-മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ പത്തു കോടി രൂപയിൽ കവിയുന്നതുംസേവന മേഖലയിൽ അഞ്ചു കോടിരൂപയിൽ കവിയുന്നതും | 15000/- |

മൂലധന നിക്ഷേപം രേഖപ്പെടുത്താതെ എപ്രകാരമാണ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളതെന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 16.01.2023ലെ ഓഡിറ്റ് അന്വേഷണം നമ്പർ 13 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭേദഗതി ചട്ടങ്ങൾ നടപ്പിലാക്കാത്തതിനാൽ ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ അപാകതകൾ തുടരുന്നു. മേൽ പട്ടിക പ്രകാരമുള്ള പരമാവധി ഫീസിന് വിധേയമായി ഭരണസമിതിക്ക് ഫീസ് നിരക്ക് നിശ്ചയിക്കാവുന്നതാണ്. ലൈസൻസിനുള്ള അപേക്ഷ സ്വീകരിക്കുമ്പോൾ മേഖല, മൂലധന നിക്ഷേപം എന്നിവ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും അതിനനുസൃതമായി മേൽ പട്ടിക പ്രകാരമുള്ള ഫീസ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-13-2 ഒരേ മൂലധന നിക്ഷേപ പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്ത ലൈസൻസ് ഫീസ് ഈടാക്കുന്നു.

31.10.2017-ലെ സ.ഉ (പി) നമ്പർ-80/2017/തസ്വഭവ ഉത്തരവ് പ്രകാരമുള്ള കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങളിലെ ചട്ടം7 പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കാവുന്ന പരമാവധി ഫീസ് പട്ടിക-IIൽ നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ഏറ്റവും കുറഞ്ഞ പരമാവധി ഫീസ് 500 രൂപയാണ്. എന്നാൽ ചുവടെ ചേർത്ത അപേക്ഷകളിൽ ഒരേ മൂലധന നിക്ഷേപ പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്ത ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നു.

| ക്രമ | ലൈസൻസ് | സ്ഥാപനത്തിന്റെ പേര് | ഈടാക്കിയ |
|---|---|---|---|

| നമ്പർ | നമ്പർ & തീയതി | | ലൈസൻസ് ഫീസ് |
|---|---|---|---|
| 1 | A4-1556/2021 /2021-2022-266 Dtd 01.04.2021 | ഊക്കൻ ഗ്രോസറി സ്റ്റോഴ്സ്, വടക്കഞ്ചേരി | 200 |
| 2 | A4-1498/2021 /2021-2022-168 Dtd 01.04.2021 | ഊക്കൻ സിമന്റ് ഏജൻസി, വടക്കഞ്ചേരി | 300 |
| 3 | A4-2608/2021 /2021-2022-397 Dtd 01.04.2021 | തക്ഷശില ഡെവലപ്പേഴ്സ്, വടക്കഞ്ചേരി | 500 |

ഒരേ മൂലധന നിക്ഷേപ പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്ത ലൈസൻസ് ഫീസ് ഈടാക്കുമ്പോൾ ഓരോ വിഭാഗത്തിലേയും സ്ഥാപനങ്ങളിൽ നിന്നും മൂലധന നിക്ഷേപം അനുസരിച്ച് വ്യത്യസ്ത തുക ഈടാക്കുന്നതിനായി ഭരണസമിതിക്ക് സ്ലാബ് നിശ്ചയിക്കാവുന്നതും അതിനാനുപാതികമായി മാത്രം ഫീസ് ഈടാക്കേണ്ടതുമാണ്.

1-13-3 മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കാവുന്ന പരമാവധി ഫീസ് ഈടാക്കിയിട്ടില്ല.

ലൈസൻസ് നമ്പർ & തീയതി: A4-1487/2021/2021-2022-148 Dtd 01.04.2021

സ്ഥാപനത്തിന്റെ പേര്- പെരുമാലിൽ ട്രേഡിംഗ് കമ്പനി

മൂലധന നിക്ഷേപം (അപേക്ഷയിൽ രേഖപ്പെടുത്തിയത്) - 80 ലക്ഷം

ഈടാക്കിയ ലൈസൻസ് ഫീസ്-2000

സ്മാൾ എന്റർപ്രൈസസ് വിഭാഗത്തിൽ സേവനമേഖലയിലുൾപ്പെട്ട 50 ലക്ഷം രൂപയിൽ കൂടുതലും 2 കോടി രൂപയിൽ അധികമാകാത്തതുമായ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാവുന്ന പരമാവധി ലൈസൻസ് ഫീസ് 5000/-രൂപയാണ്. എന്നാൽ മേൽ സ്ഥാപനത്തിൽ നിന്ന് 2000/-രൂപയാണ് ഈടാക്കിയിട്ടുള്ളത്. ഈടാക്കാവുന്ന പരമാവധി ഫീസ് ഈടാക്കിയിട്ടില്ല. പരമാവധിയിൽ കുറഞ്ഞ ലൈസൻസ് ഫീസ് ഈടാക്കുന്നതിന് ഭരണസമിതിയ്ക്ക് സ്ലാബ് നിശ്ചയിക്കാവുന്നതാണ്. പരമാവധിയിൽ കുറഞ്ഞ ഫീസ് ഈടാക്കുമ്പോൾ ഭരണസമിതി അംഗീകരിച്ച സ്ലാബിന് അതിനനുസൃതമായി ഫീസ് ഈടാക്കേണ്ടതാണ്.

1-14 വാട്ടർ ചാർജ് ഇനത്തിലുള്ള കുടിശ്ശിക ഈടാക്കേണ്ടതാണ്.

വടക്കഞ്ചേരി ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ 2021-22വർഷത്തെ വാട്ടർ ചാർജ് ഇനത്തിൽ ലഭിക്കേണ്ട തുകകളുടെ ഡിമാന്റ് കളക്ഷൻ ബാലൻസ് പത്രിക ചുവടെ ചേർക്കുന്നു.

| വാട്ടർ ചാർജ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| തൻവർഷം | 4210400 | 1797900 | 2412500 |
| കുടിശ്ശിക | 3981427 | 1638600 | 2342827 |

ൻവർഷത്തെ ലഭിക്കേണ്ട ബാലൻസ് തുകയായ 2412500/-രൂപയും കുടിശ്ശികയായ 2342827/-രൂപയും ചേർത്ത് ആകെ 4755327/- രൂപ വാട്ടർ ചാർജിനത്തിൽ ലഭിക്കാനുണ്ട്. കുടിശ്ശിക തുക ഈടാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ 16.01.2023

തീയതിയിലെ ഓഡിറ്റ് അന്വേഷണം നം:14 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുടിശ്ശികയുള്ള എല്ലാ ഗുണഭോക്താൾക്കും ഡിമാന്റ് നോട്ടീസ് അയച്ചിട്ടുള്ളതായും കുടിശ്ശിക തീർക്കാതിരിക്കുന്നവർക്കെതിരെ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും മറുപടിയിൽ പറയുന്നു. ഡിമാന്റ് നോട്ടീസ് ലഭിച്ചിട്ടും കുടിശ്ശിക അടവാക്കാത്ത ഗുണഭോക്താക്കളിൽ നിന്ന് റവന്യൂ റിക്കവറി, ഡിസ്കണക്ഷൻ തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നതിലൂടെ കുടിശ്ശിക ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 സുഭിക്ഷ കേരളം-വനിതകൾക്ക് വീട്ട് വളപ്പിൽ മുട്ടക്കോഴി വളർത്തൽ)-സബ്സിഡി അനുവദിച്ചതിൽ കുറവ്

പ്രോജക്ട് : സുഭിക്ഷ കേരളം-വനിതകൾക്ക് വീട്ട് വളപ്പിൽ മുട്ടക്കോഴി വളർത്തൽ (സ്പിൽ ഓവർ)

പ്രോജക്ട് നമ്പർ : 204/2022

നിർവ്വഹണം : വെറ്ററിനറി സർജൻ

അടങ്കൽ : 149500 (59500-വികസന ഫണ്ട്-ജനറൽ+90000-ഗുണഭോക്തൃ വിഹതം)

ചെലവ്: 71400 (ബിൽ നം.2/10.2.2022-59500/- വികസന ഫണ്ട്-ജനറൽ+ 11900/-ഗുണഭോക്തൃ വിഹിതം)

സുഭിക്ഷ കേരളം-വനിതകൾക്ക് വീട്ട് വളപ്പിൽ മുട്ടക്കോഴി വളർത്തൽ പദ്ധതി പ്രകാരം 900 വനിത ഗുണഭോക്താക്കൾക്ക് 45 ദിവസം പ്രായമുള്ള 5 കോഴിക്കുഞ്ഞുങ്ങൾ വീതം കോഴിക്കൂട് ഉള്ളവർക്ക് നൽകുവാനും, ഓരോ ഗുണഭോക്താവും 100രൂപ ഗുണഭോക്തൃവിഹിതം അടവാക്കുന്നതിനും, 500 രൂപ സബ്സിഡിയുമുൾപ്പെടെ ആകെ ഒരു ഗുണഭോക്താവിന് 600രൂപ എന്ന നിരക്കിൽ പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിട്ടു. കോഴിക്കൂട് ഉണ്ടെന്നുള്ള വിവരം മെമ്പർമാർ/ നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തണമെന്ന് നിർദേശത്തോടെ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി.

ആയത് പ്രകാരം 119 പേർക്ക് അബ്ബാസ് ഉള്ളാടൻ എഗ്ഗർ നഴ്സറിയിൽ നിന്നും ഒരു കോഴി കുഞ്ഞിന് 120രൂപ നിരക്കിൽ 595 കോഴിക്കുഞ്ഞുങ്ങൾ വാങ്ങി വിതരണം ചെയ്തതിൽ വികസന ഫണ്ടിൽ നിന്നും 59500 രൂപയും, ഗുണഭോക്തൃ വിഹിതമായി 11900 രൂപയും ആകെ 71400 രൂപ ചെലവഴിച്ചിട്ടുണ്ട്.

29.05.2020 ലെ സ.ഉ. (സാധാ) നം. 1009/2020/ തസ്വഭവ സുഭിക്ഷകേരളം പദ്ധതി ഭേദഗതി മാർഗ്ഗരേഖയിലെ ഖണ്ഡിക 3.5 ലെ നിർദേശ പ്രകാരം സ്വന്തമായി കൂട് സ്ഥാപിച്ചവർക്ക് കോഴിക്കുഞ്ഞുങ്ങളുടെ ഒരു യൂണിറ്റിന് 100% വും, പരമാവധി 600 രൂപ സബ്സിഡി അനുവദിക്കാവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കോഴിക്കൂട് ഉള്ള ഗുണഭോക്താക്കളാണോയെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തിയിട്ടില്ല.
മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 6/11.01.2023 ന് ലഭിച്ച മറുപടിയിൽ പദ്ധതി സ്പിൽ ഓവറായതിനാൽ മുൻ വർഷത്തിലെ ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ച അതേ പ്രകാരമാണ് തുക അനുവദിച്ചതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരം വരും വർഷങ്ങളിൽ തുക അനുവദിക്കാൻ ശ്രദ്ധിച്ചുകൊള്ളാമെന്നും അറിയിച്ചു.

ഓഡിറ്റ് നിർദേശം:

പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ പദ്ധതി മാർഗരേഖയിലേയും, സബ്സിഡി മാർഗ്ഗരേഖയിലേയും നിർദേശങ്ങൾക്ക് വിധേയമായി അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 ജീവിതശൈലി രോഗനിയന്ത്രണത്തിന് മരുന്ന് വാങ്ങൽ പദ്ധതി- മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.

പദ്ധതിയുടെ പേര് - ജീവിതശൈലി രോഗനിയന്ത്രണത്തിന് മരുന്ന് വാങ്ങൽ,CHC വടക്കഞ്ചേരി

പദ്ധതി നമ്പർ - S0 290/22

അടങ്കൽ - 1,00,000/-(മെയിന്റൻസ് ഗ്രാന്റ് നോൺ റോഡ്)

ചെലവ് തുക– 1,00,000/-

ചെലവ് വിശദാംശങ്ങൾ

| ക്രമ നമ്പർ | ബിൽ നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 290/2021 | 08.03.202022 | 1,00,000/- |

മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള ജീവിതശൈലി രോഗനിയന്ത്രണത്തിന് മരുന്ന വാങ്ങൽ പദ്ധതിയിൽ മേൽ ബിൽ നമ്പർ പ്രകാരം 1,00,000/-രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുള്ളതാണ്.

ലഭ്യമായ മരുന്നുകൾ

| രമ നമ്പർ | ഇൻവോയ്സ് നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 15296 | 30.03.2022 | 20,124/- |
| 2 | 4719 | 21.06.2022 | 11,440/- |
| 3 | 5127 | 28.06.2022 | 39,072/- |
| ആകെ | | | 70,636/- |

മേൽ ഇൻവോയ്സുകൾ പ്രകാരം 70,636/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി 29,364/-രൂപയുടെ മരുന്ന് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് ലഭ്യമായിട്ടില്ല. തുക കൈമാറി 11 മാസത്തിന് ശേഷവും മുഴവൻ മരുന്നകളും ലഭ്യമാക്കിയിട്ടില്ലാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 16.01.2023 തീയതിയിലെ ഓഡിറ്റ് അന്വേഷണം നമ്പർ 21 ന് ലഭ്യമാക്കിയ മറുപടിയിൽ മരുന്നകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതായി പറയുന്നു. മരുന്നകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 കന്നുകുട്ടി പരിപാലനം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നമ്പർ | 14/252 കന്നുകുട്ടി പരിപാലനം |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 25,00,000/- (12,50,000- വികസനഫണ്ട്-ജനറൽ, ഗുണഭോക്തൃ വിഹിതം-12,50,000 ) |
| ചെലവ് | ₹1250000 (വികസനഫണ്ട്-ജനറൽ) |
| ബിൽ നമ്പർ | P1-22/22 തിയതി 10.2.2022 |

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച കന്നുകട്ടി പരിപാലനം പദ്ധതിക്കായി ഗ്രാമപഞ്ചായത്തിന്റെ 18.09.2021 ലെ സാധാരണ യോഗത്തിലെ 1/1 നമ്പർ തീരുമാന പ്രകാരം 201 പേരുടെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കുകയും 200 പേരുടെ സബ്സിഡി തുകയായ 12,50,000/-(200*6,250) രൂപ വികസന ഫണ്ടിൽ (ജനറൽ) നിന്നും കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ 714021400000008 അക്കൗണ്ടിലേക്ക് കൈമാറിയിട്ടുമുണ്ട്.

പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണ(നം.2/11.01.2023) ത്തിനുള്ള മറുപടിയിൽ നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു.

### 1-18 അങ്കണവാടികളിലെ കുട്ടികൾക്ക് പോഷകാഹാരം വാങ്ങിയ തുകയിൽ നിന്നും ടി.ഡി.എസ് കുറവ് വരുത്തിയിട്ടില്ല

പഞ്ചായത്തിലെ 32 അങ്കണവാടികളിലെ കുട്ടികൾക്ക് ആവശ്യമായ അമൃതം ന്യൂട്രിമിക്സ് ഉദയനന്ദനം ഫുഡ്സ്, കുടുംബശ്രീ യൂണിറ്റ്, കണ്ണാടി എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തി വിതരണം ചെയതിട്ടുണ്ട്. ഈ ചെലവിന് കുടുംബശ്രീ യൂണിറ്റിന് അനുവദിച്ച തുകയിൽ നിന്നും ടി.ഡി.എസ് കുറവ് വരുത്തിയിട്ടില്ല. ചെലവ് വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്റ്റ് നമ്പർ | S0044/22 (അങ്കണവാടി പോഷകാഹാരം (ജനറൽ) | S0119/22 (അങ്കണവാടി പോഷകാഹാരം (എസ്. സി.പി) |
|---|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | |
| അടങ്കൽ | ജനറൽ<br>1602040/- (വികസന ഫണ്ട്- )<br>1000000- കേന്ദ്രാവിഷ്കൃത ഫണ്ട്,<br>ബ്ലോക്ക് വിഹിതം- 200000<br>ആകെ 2802040 | എസ്.സി.പി<br>5,00,000 (വികസന ഫണ്ട്)<br>1,00,000- കേന്ദ്രാവിഷ്കൃത ഫണ്ട്,<br>ആകെ 6,00,000 |
| ചെലവ് | ജനറൽ<br>1489945 വികസന ഫണ്ട്<br>999755 കേന്ദ്രാവിഷ്കൃത ഫണ്ട്,<br>100000 ബ്ലോക്ക് വിഹിതം<br>ആകെ 25,89,700 | എസ്.സി.പി<br>4,98,226 (വികസന ഫണ്ട്)<br>71,732- കേന്ദ്രാവിഷ്കൃത ഫണ്ട്,<br>ആകെ 5,69,958 |

ന്യൂട്രിമിക്സ് വാങ്ങിയ ബില്ലുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു,

| ചെക്ക് നമ്പർ/ ബിൽ നമ്പർ/തീയതി &തുക | ബിൽ ഇൻവോയ്സ് നമ്പർ& തീയതി | അനുവദിച്ച തുക |
|---|---|---|
| കേന്ദ്ര വിഹിതം 799011400002722/26.10.2021- 468437 | 783/18.09.2020 | 13209 |
| | 897/30.03.2021 | 27840 |
| | 896/30.3.2021 | 120120 |
| | 1004/28.12.2021 | 27492 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം 100000 | 938/28.06.2021 | 141434 |
| വികസന ഫണ്ട്<br>1/21-22, 30.09.21 തുക. -940064 | 784/18.09.2020 | 33292 |
| | 810/29.10.2020- | 134995 |
| | 811/29.10.2020- | 32016 |
| | 828/28.11.2020 | 10500 |
| | 861/28.01.2021 | 110040 |

| | | |
|---|---|---|
| | 862/28.01.2021 | 27376 |
| | 873/23.02.2021 | 114030 |
| | 874/23.02.2021 | 29580 |
| | 924/21.05.2021 | 116550 |
| | 925/21.05.2021 | 26564 |
| | 910/27.04.2021 | 28652 |
| | 909/27.04.2021 | 116970 |
| | ആകെ | 1110660 |

2021-2022 വർഷത്തിൽ 11,10,660/- രൂപയ്ക്ക് (ജി.എസ്.ടി ഒഴികെ) അമൃതം ന്യൂട്രീമിക്സ് വാങ്ങിയിട്ടുണ്ട്. 25.05.2018 ലെ സ.ഉ(സാധാ)നം.450/2018/ത.സ്വ.ഭ.വ പ്രകാരം അമൃതം ന്യൂട്രീമിക്സിന് 5% ജി.എസ്.ടി ഉൾപ്പെടെയാണ് വില നിശ്ചയിച്ചിട്ടുള്ളത്.

സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെയോ/ സേവനങ്ങളുടെയോ/ രണ്ടിന്റെയുമോ കരാറുകളിൽ, കരാറുകാരുടെ ബില്ലുകളിൽ നിന്നും CGST, SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ 01-10-2018 മുതൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി-ടി.ഡി.എസ് കുറവ് വരുത്തേണ്ടതാണെന്ന് കേന്ദ്ര ധനമന്ത്രാലയം 13-09-2018 ലെ വിജ്ഞാപനം നം. 50/2018- സെൻട്രൽ ടാക്സ് -പ്രകാരം ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്.

എന്നാൽ മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ഇത്തരത്തിൽ ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല.

അറിവില്ലായ്മ കാരണമാണ് ടി.ഡി.എസ് പിടിക്കാതിരുന്നതെന്നും തുടർവർഷങ്ങളിൽ പിടിക്കുന്നുണ്ടെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.03/11.01.23) ലഭ്യമാക്കിയ മറുപടിയിൽ നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

2.5 ലക്ഷം രൂപയിൽ അധികമായ വാങ്ങലുകൾ നടത്തുമ്പോൾ ബില്ലിൽ നിന്നും 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവു ചെയ്തതിനു ശേഷം മാത്രം തുക അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-19 ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണം

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണത്തിന്റെയും സേവന പെൻഷൻ ഡാറ്റാബേസിന്റെയും കൃത്യത പരിശോധിക്കുന്നതിനായി സേവന പെൻഷൻ സോഫ്റ്റ്‌വെയറിലെ ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ്, ഡി.ബി.റ്റി റിപ്പോർട്ടുകൾ എന്നിവയും 2020, 2021 വർഷങ്ങളിലെ മരണ രജിസ്റ്ററുകളും അനുബന്ധഫയലുകളും പരിശോധനയ്ക്ക് വിധേയമാക്കി.

പെൻഷൻ വിതരണത്തിലെ അപാകങ്ങൾ ഓഡിറ്റ് അന്വേഷണം നം 5/11.01.23,
20/16.01.23 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുള്ളതും 5/11.01.23നം ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുള്ളതുമാണ്. 20/16.01.23നം അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

കണ്ടെത്തിയ അപാകങ്ങൾ താഴെ പറയുന്നു.

1.ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ് ഓരോ മാസവും പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നില്ല

2022 നവംബർ മാസത്തിലെ ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ് പ്രകാരം 164 പെൻഷൻ ഗുണഭോക്താക്കൾ വിവിധ കാരണങ്ങളാൽ തൻമാസം പെൻഷൻ കൈപ്പറ്റിയിട്ടില്ല. ബാങ്ക് അക്കൗണ്ട് വഴി പെൻഷൻ

കൈപ്പറ്റുന്ന ഏതാനും ഗുണഭോക്താക്കളുടെ പെൻഷണർ ഐ.ഡി ഉപയോഗിച്ച് ഇവരുടെ ഡി.ബി.റ്റി റിപ്പോർട്ടുകൾ പരിശോധിച്ചതിൽ നിന്നും മാസങ്ങളായി പെൻഷൻ തുക ഇവർക്ക് കൈമാറാൻ കഴിയാത്ത സാഹചര്യം നില നിൽക്കുന്നതായി കണ്ടെത്തി. ഗുണഭോക്താക്കളുടെ പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആയി തുടരുന്നുണ്ടെങ്കിലും വിവിധ കാരണങ്ങളാൽ മാസങ്ങളായി ഇവർക്ക് പെൻഷൻ കൈമാറിയിട്ടില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | ഡി.ബി.റ്റി റിപ്പോർട്ട് പ്രകാരം അവസാനം തുക കൈമാറിയ മാസം |
|---|---|---|---|
| 1 | ലക്ഷ്മി | 108840200444 | ഏപ്രിൽ 2021 മെയ് 21 മുതൽ Account Closed Or Transferred |
| 2 | കുഞ്ഞഹമ്മദ് | 108840200034 | ഏപ്രിൽ 2021 മെയ് 21 മുതൽ Account Closed Or Transferred |
| 3 | വർഗീസ്. എ.വി | 108840201726 | സെപ്റ്റംബർ 2022, ഒക്ടോബർ 2022 മുതൽ Account Closed Or Transferred |
| 4 | സുബ്രഹ്മണ്യൻ | 108840202340 | ജൂൺ 2022, ആഗസ്റ്റ് 2022 മുതൽ Account Closed Or Transferred |
| 5 | ഷംസുദ്ദീൻ | 108840203620 | സെപ്റ്റംബർ 2022, ഒക്ടോബർ 2022 മുതൽ Account Closed Or Transferred |

ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് മേൽ ഗുണഭോക്താക്കളെ സേവനയിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുള്ളതായി സെക്രട്ടറി അറിയിച്ചു. ഇത്തരത്തിൽ ബാങ്ക് വഴിയും ഡയറക്ട് ടു ഹോം ആയും പെൻഷൻ കൈപ്പറ്റുന്ന എല്ലാ ഗുണഭോക്താക്കളുടെയും വിവരങ്ങൾ സിവിൽ രജിസ്ട്രേഷൻ ഡാറ്റയുമായി ഒത്തു നോക്കി പരിശോധിച്ച് അനർഹർ ഡാറ്റാ ബേസിൽ ഉൾപ്പെട്ടിട്ടില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

2.പെൻഷനറുടെ മരണം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന് ശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നു

ഗ്രാമപഞ്ചായത്തിൽ തന്നെ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള പെൻഷൻ ഗുണഭോക്താക്കളെ യഥാസമയം

ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാത്തതിനാൽ വീണ്ടും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതായി കാണുന്നു. യഥാസമയം സസ്പെൻഡ് ചെയ്യാതിരിക്കുന്നതിനാൽ പെൻഷണറുടെ വ്യക്തിഗത ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യുന്നതു വരെ ഡി.ബി.റ്റി സെൽ വഴി ബാങ്ക് അക്കൗണ്ടിലേക്ക് തുക ട്രാന്സ്ഫർ ചെയ്യുന്നത് തുടരുന്നു.

2020, 2021 വർഷങ്ങളിലെ രണ്ടു വോള്യം മരണരജിസ്റ്ററുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന്റെ മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് തുക കൈമാറുന്നതായി ശ്രദ്ധയിൽ പെട്ട ഏതാനും പേരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പെൻഷനറുടെ പേര് | പെൻഷൻ ഐ.ഡി | മരണപ്പെട്ട തീയതി | മരണപ്പെട്ടതിനു ശേഷം തുക കൈമാറിയ മാസങ്ങൾ | ആകെ അനർഹമായി കൈമാറിയ തുക |
|---|---|---|---|---|---|
| 1. | വിമല. എ. എസ് | 108840200965 വാർദ്ധക്യ കാല പെൻഷൻ | 29.12.20 | ജനുവരി21, ഫെബ്രുവരി 21 | 1200 (2*600) |
| 2. | ഗംഗാധരൻ വി. എൻ | 108840202538 വാർദ്ധക്യ കാല പെൻഷൻ | 02.01.21 | ഫെബ്രുവരി 21 മുതൽ മെയ് 21 വരെ | 6200 1500*2 1600*2 |
| 3. | ഇന്ദിര മാധവൻ | 108840500085 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 21.01.21 | ഫെബ്രുവരി 21 മുതൽ മെയ് 21 വരെ | 6200 1500*2 1600*2 |
| 4 | അബ്ദുൾ സത്താർ | 108840200677 വാർദ്ധക്യ കാല പെൻഷൻ | 28.01.21 | ഫെബ്രുവരി 21 മുതൽ മെയ് 21 വരെ | 6200 1500*2 1600*2 |
| 5 | മേരിക്കുട്ടി ജോസഫ് | 108840200890 (നിലവിലും Active) വാർദ്ധക്യ കാല പെൻഷൻ | 03.06.21 | ജൂലൈ 21 മുതൽ നവംബർ 22 വരെ | 27200 17*1600 |
| 6 | വി. പരമേശ്വരൻ നായർ | 108840200961 വാർദ്ധക്യ കാല പെൻഷൻ | 20.03.21 | ഏപ്രിൽ21, മെയ് 21 | 3200 2*1600 |
| | | | | ആകെ | 50200 |

മിക്ക ഗുണഭോക്താക്കളും നിലവിൽ പെൻഷൻ സസ്പെൻഡഡ് സ്റ്റാറ്റസ് ൽ ആണ്. ചിലരുടെ അക്കൗണ്ടിലേക്ക് തുക എല്ലാ മാസങ്ങളിലും മാറിക്കൊണ്ടിരിക്കുന്നതിനാൽ ഇവർ ഡിസ്ക്രിപ്പൻസി ലിസ്റ്റിൽ ഉൾപ്പെടുന്നില്ല. ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് ഏതാനും ഗുണഭോക്താക്കളെ പെൻഷൻ സൈറ്റിൽ നിന്നും സസ്പെൻഡ് ചെയ്യുകയും തുക തിരിച്ചു പിടിക്കുന്നതിന് ബാങ്കിലേക്ക് കത്ത് നൽകുകയും ചെയ്തിട്ടുള്ള വിവരം സെക്രട്ടറി അറിയിച്ചു.

ഓഡിറ്റ് നടത്തിയ പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങളാണ് മേൽ പറഞ്ഞിട്ടുള്ളത്.

എല്ലാ പെൻഷൻ ഗുണഭോക്താക്കളുടെയും വിവരം സിവിൽ രജിസ്ട്രേഷൻ വിവരങ്ങളുമായി ഒത്തു നോക്കി മരണപ്പെട്ട/ അനർഹരായ ആളുകളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് പെൻഷൻ തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. സാമൂഹ്യ സുരക്ഷാ പെൻഷൻ അർഹതാ മാനദണ്ഡങ്ങൾ / നിർദ്ദേശങ്ങൾ ഭേദഗതി ഉത്തരവ് ലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

സ. ഉ(എം.എസ്) നം 97/2020/ധന. തീയതി 23.09.2020 പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ/ അർഹതാ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്.

97/20 ഉത്തരവ് പ്രകാരം 06.02.2017 ന് മുമ്പ് സാമൂഹ്യസുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും വാങ്ങി വരുന്നവർക്ക് സാമൂഹ്യസുരക്ഷാ പെൻഷൻ 600 രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ട്. എന്നാൽ 06.02.2017 മുതൽ ഒരു സാമൂഹ്യ സുരക്ഷാപെൻഷന് മാത്രമേ അർഹതയുള്ളൂ.

നവംബർ 2022 ലെ ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റിൽ ഉൾപ്പെട്ട ഏതാനും ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ *"സർക്കാർ ഉത്തരവ് പ്രകാരം 06/02/2017 ശേഷം ഒന്നിൽ കൂടുതൽ പെൻഷൻ അനുവദനീയമല്ല"* എന്ന കാരണത്താൽ പെൻഷൻ തടഞ്ഞുവച്ചിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | പെൻഷണർ ഐ.ഡി | 09/20 നുശേഷം പെൻഷൻ തുക 600 രൂപയായി കുറച്ച കാലയളവ് |
|---|---|---|---|
| 1 | ശ്രീ മണി.വി. വി വാർദ്ധക്യകാല പെൻഷൻ | 108840202292 | സെപ്റ്റംബർ 2020 മുതൽ |
| 2 | ശ്രീ ചന്ദ്രൻ വാർദ്ധക്യകാല പെൻഷൻ | 108840202298 | സെപ്റ്റംബർ 2020 മുതൽ |
| 3 | ശ്രീ. ജയപ്രകാശ്.പി.കെ വാർദ്ധക്യകാല പെൻഷൻ | 108840201681 | ജൂലൈ 2022 മുതൽ |
| 4 | ശ്രീ കണ്ണൻ വാർദ്ധക്യകാല പെൻഷൻ | 108840203133 | ഒക്ടോബർ 2022 മുതൽ |

97/20 ഉത്തരവിൽ ഈ നിർദ്ദേശം ഉണ്ടായത് 23.09.2020 തീയതിയിലാണ്. മേൽ ഗുണഭോക്താക്കളുടെ ഡി.ബി.റ്റി റിപ്പോർട്ട് പ്രകാരം ഇവർക്ക് 2022 വരെ കാലയളവിലും പെൻഷൻ നൽകിയിട്ടുള്ളതായി കാണുന്നു. 06.02.2017 മുതൽ ഒരു സാമൂഹ്യ സുരക്ഷാപെൻഷന് മാത്രമേ അർഹതയുള്ളൂ എന്നതിനാൽ ഇത്തരത്തിലുള്ള എല്ലാ ഗുണഭോക്താക്കളുടെയും കൃത്യമായ വിവരം ശേഖരിച്ച് അനർഹർ എന്നു കണ്ടെത്തുന്നവരെ ഉടനടി ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കുന്നതിനും അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. അപേക്ഷകന്റെ ഭൗതിക സാഹചര്യങ്ങളും ജീവിത നിലവാരവും പരിശോധിച്ചു മാത്രം പെൻഷൻ അനുവദിക്കുന്നതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല

സ. ഉ(എം.എസ്) നം 97/2020/ധന. തീയതി 23.09.2020 പ്രകാരം വില്ലേജ് ഓഫീസർ നൽകുന്ന

വരുമാന സർട്ടിഫിക്കറ്റ് പ്രകാരം അർഹത ഉണ്ടെങ്കിലും അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥൻ അപേക്ഷകന്റെ ഭൗതിക സാഹചര്യങ്ങളും ജീവിത നിലവാരവും പരിശോധിച്ച മാത്രമേ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കാവൂ എന്ന് നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ ഓരോ ഗുണഭോക്താവും താൻ കേന്ദ്ര/സംസ്ഥാന സർവ്വീസ് പെൻഷണർ/ കുടുംബ പെൻഷണർ അല്ല, ആദായ നികുതി ഒടുക്കുന്നില്ല, തന്റെയോ തന്റെ കുടുംബത്തിന്റെ പേരിലോ 2 ഏക്കറിൽ കൂടുതൽ ഭൂമിയില്ല എന്നിങ്ങനെയുള്ള കാര്യങ്ങൾ ഉൾക്കൊള്ളിച്ച കൊണ്ടുള്ള സ്വയം സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവന നൽകേണ്ടതായിരുന്നെങ്കിലും ഇത്തരത്തിൽ സത്യപ്രസ്താവന നൽകിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല.

സഞ്ചയയിലെ വസ്തുനികുതി നിർണ്ണയവിവരങ്ങളുമായി ഏതാനും ഗുണഭോക്താക്കൾ താമസിക്കുന്ന കെട്ടിടങ്ങളുടെ വിവരം ഒത്തു നോക്കിയതിന്റെ വിശാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | പെൻഷണർ ഐ.ഡി | വീട്ടു നമ്പർ | താമസിക്കുന്ന വീടിന്റെ തറവിസ്തീർണ്ണം |
|---|---|---|---|---|
| 1 | സൈലന്ധ്രി നാരായണൻ വിധവാ പെൻഷൻ | 108840600980 | 3/121 | 160 M2 |
| 2 | അബ്ദുൾ റഹ്മാൻ വാർദ്ധക്യകാല പെൻഷൻ | 108840204009 | 15/268 | 116.71 M2 (രണ്ടു നില) |
| 3 | രവിദാസൻ വാർദ്ധക്യകാല പെൻഷൻ | 108840203732 | 6/244 | 151.5 M2 (രണ്ടു നില) |
| 4 | കൃഷ്ണദാസ് ടി.ജിവാർദ്ധക്യകാല പെൻഷൻ | 108840203876 | 3/201 | 120 M2 |
| 5 | ജയപ്രകാശ് പി. കെ ,വാർദ്ധക്യകാല പെൻഷൻ | 108840201681 | 3/86 | 160 M2 |

മേൽ ഗുണഭോക്താക്കളുടെ ജീവിത നിലവാരവും ഭൗതിക സാഹചര്യങ്ങളും പരിശോധിച്ചുറപ്പു വരുത്തിയിയതിന്റെ വിശദാംശങ്ങളും സത്യപ്രസ്താവന നൽകിയതിന്റെ രേഖകളും ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

5. പുനർവിവാഹിത അല്ല സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല എന്ന കാരണത്താൽ മൂന്ന് വർഷങ്ങളായി പെൻഷൻ തടഞ്ഞു വച്ചിരിക്കുന്നു

നവംബർ 2022 ലെ ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റിൽ ഉൾപ്പെട്ട പുനർവിവാഹിത അല്ല സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല എന്ന കാരണത്താൽ പെൻഷൻ തടഞ്ഞു വച്ചിട്ടുള്ള ഏതാനും ഗുണഭോക്താക്കളുടെ പെൻഷൻ ഐ.ഡി ഉപയോഗിച്ച് ഡാറ്റാ ബേസ് പരിശോധിച്ചതിൽ പല മാസങ്ങളായി, മൂന്ന് വർഷങ്ങൾ വരെയും പെൻഷൻ തടഞ്ഞു വച്ചിരിക്കുന്നതായി കണ്ടെത്തി. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | പെൻഷൻ തടഞ്ഞു വച്ചിട്ടുള്ള മാസങ്ങൾ |
|---|---|---|
| ബിന്ദു | 108840601077 | മെയ് 2020 |

| | | |
|---|---|---|
| വിധവാ പെൻഷൻ | | മുതൽ ഡിസംബർ 2022 വരെ 32 മാസങ്ങൾ |
| സിസിലി വിധവാ പെൻഷൻ | 108840500016 | മെയ് 2020 മുതൽ ഡിസംബർ 2022 വരെ 32 മാസങ്ങൾ |
| ആനിയമ്മ സെബാസ്റ്റ്യൻ വിധവാ പെൻഷൻ | 108840500114 | മെയ് 2022 മുതൽ ഡിസംബർ 2022 വരെ 8 മാസങ്ങൾ |

ഇത്തരത്തിലുള്ള എല്ലാ ഗുണഭോക്താക്കളുടെയും യഥാർത്ഥ സ്ഥിതി വിലയിരുത്തി അനർഹരെ ഉടനടി ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് . 3 വർഷത്തോളം മസ്റ്ററിംഗ് പൂർത്തീകരിക്കുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ട ില്ലാത്ത ഗുണഭോക്താക്കൾ നിലവിലും ഡാറ്റാബേസിൽ തുടരുന്നു

6.

മസ്റ്ററിംഗ് പൂർത്തീകരിക്കുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ലാത്ത ഏതാനും ഗുണഭോക്താക്കളുടെ ഡാറ്റാ ബേസ് പരിശോധിക്കുമ്പോൾ ആഗസ്റ്റ് 2019 മുതൽ ഇവരുടെ പെൻഷൻ മേൽകാരണത്താൽ തടഞ്ഞു വച്ചിട്ടുള്ളതായി കാണുന്നു. ഏതാനും പേരുടെ പേരും ഐ.ഡിയും താഴെ ചേർക്കുന്നു.

1.ശ്രീമതി . പാറു-108840100497,വാർദ്ധക്യകാല പെൻഷൻ

2.ശ്രീമതി. ധനലക്ഷ്മി -108840601368,വാർദ്ധക്യകാല പെൻഷൻ

3.ശ്രീമതി ഷീല- 108840601427,വാർദ്ധക്യകാല പെൻഷൻ

3 വർഷമായി മസ്റ്ററിംഗ് ചെയ്യാതെ ഡാറ്റാ ബേസിൽ തുടരുന്ന ഇത്തരം ഗുണഭോക്താക്കളുടെ നിജസ്ഥിതി പരിശോധനാവിധേയമാക്കി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.അനർഹരായ ഗുണഭോക്താക്കൾ പെൻഷൻ ഡാറ്റാബേസിൽ ആക്ടീവ് ആയി തുടരുമ്പോൾ ഓരോ മാസവും അത്രയും പേർക്കുള്ള പെൻഷൻ തുക മറ്റ് വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്ന പൊതുഫണ്ടിൽ നിന്നും മാറ്റി വയ്ക്കേണ്ട സാഹചര്യം ഉണ്ടാകുന്നു. ആയതിനാൽ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ കൃത്യമാക്കി സൂക്ഷിക്കുക എന്നത് സർക്കാരിന്റെ സാമ്പത്തിക ഭദ്രതക്ക് അനിവാര്യമാണ്. ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് അർഹരായ ഗുണഭോക്താക്കൾ മാത്രമാണ് പെൻഷൻ ഡാറ്റാബേസിൽ നിലവിലുള്ളത് എന്നുറപ്പ് വരുത്തേണ്ടതാണ്.

2.ആശ/അങ്കണവാടി വർക്കർമാർ ഓരോ വാർഡിലെയും മരണങ്ങൾ തദ്ദേശ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യണമെന്ന് ജി.ഒ(എം.എസ്)97/20/ധന/23.9.2020 ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട് എങ്കിലും ആയത് പാലിക്കപ്പെടുന്നില്ല. ആശ/അങ്കണവാടി വർക്കർമാരുടെ പ്രവർത്തനം അതത് വാർഡ് മെമ്പർമാർ മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാവേണ്ടതാണ്.

3. നിലവിലുള്ള എല്ലാ ആക്ടീവ് പെൻഷണർമാരുടെയും വിവരങ്ങൾ സേവന സിവിൽ രജിസ്ട്രേഷൻ

വിവരങ്ങളുമായി ഒത്തു നോക്കി അനർഹരെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിനും അധികം തുക നൽകിയിട്ടുള്ള പക്ഷം തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഈ വിവരങ്ങൾ വാർഡ് തിരിച്ച് അന്വേഷണം നടത്തുന്നതിനും തുടർ നടപടി ഉണ്ടാകേണ്ടതാണ്.

4. പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾക്കും നിബന്ധനകൾക്കും വിരുദ്ധമായി അപേക്ഷകൾ സൂക്ഷ്മമായി പരിശോധിക്കാതെയും അനർഹരായവർക്കു സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിക്കുകയും വഴി സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്ന പക്ഷം ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയും അന്വേഷണം നടത്തിയ ഉദ്യോഗസ്ഥനും ബാധ്യസ്ഥനായിരിക്കും .

5. ഗ്രാമപഞ്ചായത്ത്/ നഗരസഭ കളിലെ ജനന മരണവിവരങ്ങളുടെ രജിസ്ട്രേഷൻ സോഫ്റ്റ് വെയറും സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം സേവന സോഫ്റ്റ് വെയറും കൈകാര്യം ചെയ്യുന്നത് ഐ.കെ.എം ആയതിനാൽ മരണം രജിസ്റ്റർ ചെയ്ത ഗുണഭോക്താവിന്റെ പെൻഷൻ വിതരണം സ്വമേധയാ നിയന്ത്രിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുന്നതിനായി വകുപ്പുതലത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. മരണറിപ്പോർട്ട് തയ്യാറാക്കുന്നതിലെ ചോദ്യാവലി പരിഷ്കരിക്കുന്നതിനും ശുപാർശ ചെയ്യാവുന്നതാണ്.

1-20 പശ്ചാത്തലസൗകര്യങ്ങൾ ഒരുക്കാതെ ജിം ഉപകരണങ്ങൾ വാങ്ങി - ചെലവു തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര് :വനിതകൾക്ക് ജിംനേഷ്യം

പ്രോജക്ട് നം :205/22

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ- 946031 (തനത് ഫണ്ട്- 50000, ബ്ലോക്ക് പഞ്ചായത്ത് വിഹിതം -896031)

ചെലവ് - 683000 ( UTR No-RB12452145673273 -Bims Payment Dated 01.09.21)

(671816- Forge Fitness& Wellness,തിരുവനന്തപുരം , 11584- Tax )

യുവതികളുടെ ആരോഗ്യശേഷിയും കായിക ശേഷിയും വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടാണ് പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്. വനിതകൾക്ക് ജിംനേഷ്യം തുടങ്ങുന്നതിനുള്ള ഉപകരണങ്ങൾ ലഭ്യമാക്കി ഫിറ്റ് ചെയ്യുന്നതിനും ജിംനേഷ്യം മുറി സെറ്റ് ചെയ്യുന്നതുമാണ് പദ്ധതി പ്രവർത്തനങ്ങൾ. 2019-20 സാമ്പത്തിക വർഷം നടപ്പിലാക്കാനുദ്ദേശിച്ച് രൂപീകരിച്ച പദ്ധതി 2021-22 ലാണ് നടപ്പിലാക്കിയിട്ടുള്ളത് . കലാ സാംസ്കാരിക കായിക പ്രോത്സാഹനം എന്ന സൂക്ഷ്മ മേഖലയിലാണ് പദ്ധതി ഉൾപ്പെടുത്തിയിട്ടുള്ളത്.

പദ്ധതിയുടെ ചെലവു രേഖകളുടെ കൃത്യത പരിശോധിക്കുന്നതിനും പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടുണ്ടോയെന്നു പരിശോധിക്കുന്നതിനുമാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. ഇതിനായി ചെലവുരേഖകൾ, കലാ കായികം വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി യോഗതീരുമാനങ്ങൾ എന്നിവ പരിശോധനാ വിധേയമാക്കുകയും 16.01.2023 തീയതിയിൽ ജിംനേഷ്യം സ്ഥാപിച്ച സ്ഥലം നേരിൽ പരിശോധന നടത്തുകയും ചെയ്തു.

ജിംനേഷ്യം ഉപകരണങ്ങൾ ഫിറ്റ് ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെയും പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്നും ഉപകരണങ്ങൾ പൊടി പിടിച്ച് നാശോന്മുഖമായ രീതിയിൽ കിടക്കുന്നതായും കണ്ടു. ചിത്രങ്ങൾ താഴെ ചേർക്കുന്നു.









ഓഡിറ്റിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

നിരക്കിന്റെ റീസണബിലിറ്റി പരിശോധിക്കാതെ തുക നൽകി

ജെം ലോഗിൻ ലഭ്യമാകാൻ വൈകുമെന്ന കാരണത്താൽ 18.09.2020 ലെ 3(5) ഭരണസമിതി തീരുമാനം പ്രകാരം ഇ-ടെണ്ടർ മുഖേനയാണ് വാങ്ങൽ നടപ്പിലാക്കിയിട്ടുള്ളത്. ഇ-ടെണ്ടർ നം A2/222/323/20-21 പ്രകാരം 4 ടെണ്ടറുകൾ ലഭ്യമായിട്ടുണ്ട്. ഇതിൽ 5,89,000 രൂപ ക്വോട്ട് ചെയ്ത ശ്രീ നാസർ കെ. പി (KPM Enterprises ചെർപ്പുളശ്ശേരി ) L1 വെണ്ടർ ആയി തെരഞ്ഞെടുത്തിട്ടുണ്ട്. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ L1 വെണ്ടർ, KPM Enterprises ടെണ്ടറിൽ നിന്നും പിൻമാറിയിട്ടുണ്ട്. തുടർന്ന് 6,83,400 ക്വോട്ട് ചെയ്ത L2 വെണ്ടർ Forge Fitness And Wellness സെന്റർ, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകി. L1 ന്റെ നിരക്കിനേക്കാൾ 94400 രൂപ അധികം ആണ് L2 ന്റെ നിരക്ക് . എന്നിരുന്നാലും L2 വിന് സപ്ലൈ ഓർഡർ നൽകുന്നതിന് മുമ്പ് നിരക്കിന്റെ റീസണബിലിറ്റി പരിശോധിച്ചിട്ടില്ല.

ജിംനേഷ്യം ഉപകരണങ്ങൾ ഫിറ്റ് ചെയ്തെങ്കിലും ആവശ്യമായ പശ്ചാത്തല സൗകര്യമില്ല

പരുവാശ്ശേരി ചാമപറമ്പ് ഗ്രന്ഥശാലയുടെ ഏറ്റവും മുകളിലെ നിലയിലാണ് ജിംനേഷ്യം സജ്ജീകരിച്ചിട്ടുള്ളത്. ആകെ 25 ജിം ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തിയും 13 ഇനങ്ങളടങ്ങിയ ഇന്റീരിയർ വർക്കുകളും 13.02.21, 27.03.21, 27.07.21 തീയതികളിലായി പൂർത്തിയാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി അധ്യക്ഷൻമാർ അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരടങ്ങുന്ന സമിതി ഉപകരണങ്ങൾ ഫിറ്റ് ചെയ്തതും സാധനങ്ങളുടെ ഗുണനിലവാരവും പരിശോധിച്ച് ഉറപ്പു വരുത്തിയിട്ടുള്ളതായി തീയതി രേഖപ്പെടുത്തിയിട്ടില്ലാത്ത മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി ലക്ഷ്യമിട്ടതു പോലെയുള്ള പ്രവർത്തനങ്ങൾ നാളിതു വരെയും ആരംഭിച്ചിട്ടില്ല. മതിയായ പശ്ചാത്തലസൗകര്യമൊരുക്കാതെയാണ് ജിംനേഷ്യം ഫിറ്റ് ചെയ്തിട്ടുള്ളതെന്നും കണ്ടു.

പ്രാദേശിക പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ

16.01.2023 തീയതിയിൽ ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെയും അസിസ്റ്റന്റ് എഞ്ചിനീയറുടെയും സാന്നിധ്യത്തിൽ ഓഡിറ്റ് ബാച്ച് നടത്തിയ പ്രാദേശിക പരിശോധനയിൽ പരുവാശ്ശേരി ചാമപറമ്പ് ഗ്രന്ഥശാലയുടെ ഏറ്റവും മുകളിലെ നിലയിലായി ജിം ഉപകരണങ്ങൾ ഫിറ്റ് ചെയ്തിട്ടുള്ളത് പരിശോധിച്ചു.

ഉപകരണങ്ങൾ സ്ഥാപിച്ച് ഏകദേശം രണ്ടുവർഷമായിട്ടും ഉപയോഗിക്കാത്തതിനാൽ എല്ലാ ഉപകരണങ്ങളും പൊടി പിടിച്ച് നാശോന്മുഖമായി കിടക്കുന്നതായും ജനാലകളുടെ കർട്ടൻ ഉറന്ന് കിടന്നിരുന്നതിനാൽ കാറ്റിൽ സമീപത്തുള്ള മരങ്ങളിൽ നിന്നുള്ള ഇലകളും മറ്റും വീണത് മുറിയിൽ നിറഞ്ഞു കിടക്കുന്നതായും കണ്ടു. വലിയ ഉപകരണങ്ങൾ ഫിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ചെറിയ ഉപകരണങ്ങൾ ഓരോ ഭാഗത്ത് കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു. ഓപ്പൺ ജിം അടക്കമുള്ള ജിം ഉപകരണങ്ങൾ കുറഞ്ഞ വിസ്തൃതി മാത്രമുള്ള മുറിയിലാണ് സജ്ജീകരിച്ചിട്ടുള്ളത്. അതുകൊണ്ട് തന്നെ ഒരേ സമയം എല്ലാ ഉപകരണങ്ങൾ ഉപയോഗിച്ചും വ്യായാമം നടത്തുന്നതിനുള്ള സൗകര്യമില്ല എന്നും സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. കുടിവെള്ളം വക്കുന്നതിനുള്ള സ്റ്റാൻഡ്, സ്ഥാപനത്തിന്റെ പേര് എഴുതുന്നതിനുള്ള ബോർഡ് എന്നിവ തുരുമ്പിച്ച സ്ഥിതിയിൽ കെട്ടിടത്തിന് സമീപത്ത് കിടക്കുന്നതായി കണ്ടു.

വൃദ്ധവിശ്രമകേന്ദ്രവും ഗ്രന്ഥശാലയും സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ ഏറ്റവും മുകളിലെ നിലയിലാണ് വനിതകൾക്ക് ഉദ്ദേശിച്ചു കൊണ്ടുള്ള ജിം. കെട്ടിടത്തിന് പുറത്തു കൂടിയുള്ള ഇരുമ്പുകോണിയാണ് പ്രവേശനമാർഗ്ഗം. മാത്രമല്ല ഗ്രാമപഞ്ചായത്തിലെ ജിംനേഷ്യം ഉപയോഗിക്കാൻ ആഗ്രഹിക്കുന്ന മുഴുവൻ വനിതകൾക്കും എളുപ്പത്തിൽ എത്തിപ്പെടാൻ സാധിക്കുന്ന ഒരു സ്ഥലത്തല്ല ജിംനേഷ്യം സ്ഥിതി ചെയ്യുന്നത്. ജിംനേഷ്യത്തിന്റെ പ്രവർത്തനം ആരംഭിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 5/11.01.23) മറുപടി ലഭ്യമായിട്ടില്ല. ഈ സാഹചര്യത്തിൽ ആവശ്യമായ പശ്ചാത്തല സൗകര്യമൊരുക്കി ജിംനേഷ്യം പ്രവർത്തനക്ഷമമാക്കുന്നതു വരെ ജിംനേഷ്യത്തിനായി ചെലവഴിച്ച 6,83,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ജിംനേഷ്യത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. വാറണ്ടി പീരീഡ് അവസാനിക്കുന്നതിനു മുമ്പായി സപ്ലൈയർ മുഖാന്തരം അറ്റകുറ്റപ്പണികൾ നടത്തി ഉപകരണങ്ങൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

3. ജിം ഉപയോഗത്തിനായി പ്രത്യേകം നിയമാവലി രൂപീകരിക്കേണ്ടതും പരിശീലനത്തിനായി പ്രത്യേകം ഉദ്യോഗസ്ഥനെ നിയമിക്കാവുന്നതുമാണ്.

3. ആവശ്യക്കാരായ എല്ലാ ഗുണഭോക്താക്കൾക്കും പ്രാപ്യമായ സ്ഥലത്ത് ജിംനേഷ്യം ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 1-21 കുടിവെള്ള പദ്ധതികൾക്കായി 99 ലക്ഷം രൂപ ചെലവിടുന്നു

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമങ്ങൾ 166ാം വകുപ്പ് ൽ 1ാം ഉപവകുപ്പിലെ മൂന്നാം പട്ടികയിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലകളിൽ കുടിവെള്ള വിതരണം ഉൾപ്പെടുന്നില്ല. എന്നാൽ ഗ്രാമപഞ്ചായത്ത് നിലവിലും 73 കുടിവെള്ളപദ്ധതികൾ പരിപാലിച്ചു വരുന്നുണ്ട്. കുടിവെള്ള പദ്ധതികളുടെ പരിപാലനച്ചെലവിനായി ഭീമമായ തുക ചെലവഴിച്ചിട്ടുണ്ട്. ചെലവിനെ അപേക്ഷിച്ച് കുറഞ്ഞ വരുമാനം മാത്രമാണുള്ളത്. കൂടാതെ ജല ഉപഭോഗം ക്രമീകരിക്കുന്നതിന് കൃത്യമായ രീതികളോ മീറ്ററിംഗ് സംവിധാനമോ ഇല്ല.

ആകെ 73 പദ്ധതികളിൽ നിന്നായി ആകെ 3436500 രൂപ വാട്ടർ ചാർജ്ജ് ഇനത്തിൽ തൻവർഷം വരവുണ്ട്. ഈ ഇനത്തിൽ കുടിശ്ശിക 4755327 രൂപ നില നിൽക്കുന്നു. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ആകെ 3835 ഗാർഹിക ഗുണഭോക്താക്കളും 36 ഗാർഹികേതര ഗുണഭോക്താക്കളുമാണുള്ളത്. എന്നാൽ കുടിവെള്ള വിതരണത്തിനായി ആകെ തൻവർഷം ചെലവ് 99,42,720 രൂപ ചെലവുണ്ട്. ചെലവിന്റെ 35 % മാത്രമാണ് വരവുള്ളത്. കൂടുതൽ പദ്ധതികളും 2002 ൽ വാട്ടർ അതോറിറ്റിയിൽ നിന്നും കൈമാറി ലഭിച്ചവയാണ്.

ഓഡിറ്റ് വർഷം കുടിവെള്ള വിതരണ പൈപ്പ് ലൈൻ റിപ്പയർ, മോട്ടോർ റിപ്പയർ തുടങ്ങിയ

പ്രവർത്തികൾക്കായി അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി എന്നീ നിർവ്വഹണോദ്യോഗസ്ഥർ മുഖേന നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളുടെയും ശമ്പളം വൈദ്യുതിചാർജ് തുടങ്ങിയ മറ്റ് ചെലവുകളുടെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതികളുടെ വിവരം | ആകെ തുക | ഫണ്ട് |
|---|---|---|
| 266/22 കിഴക്കഞ്ചേരി റോഡിലെ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | 257340 | മെയിന്റനൻസ് റോഡിതരം |
| 142/22, അടിയത്തു പാടം കുടിവെള്ള പദ്ധതിക്ക് അധിക സ്രോതസ്സ് | 291172 | |
| കമ്മാന്തറ ചന്തപ്പുര പൈപ്പ് ലൈൻ നീട്ടി സ്ഥാപിക്കൽ | 450000 | മെയിന്റനൻസ് റോഡിതരം |
| 236/22,പാളയം മാരിയമ്മൻ കോവിൽ കുടിവെള്ള പദ്ധതി | 318720 | സി.എഫ്. സി ടൈഡ് ഗ്രാന്റ് |
| 149/22, പഞ്ചായത്തിന്റെ വിവിധ കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ നീട്ടൽ | 384760 | |
| 167/22, മംഗലം ടൗൺ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | 400000 | മെയിന്റനൻസ് റോഡിതരം |
| 237/22 ഉല്ലാസ് നഗർ, കരുവപ്പാടം അണക്കപ്പാറ, ചുവട്ടുപാടം വള്ളിയോട് പമ്പരം കുന്ന്തുടങ്ങിയ കുടിവെള്ള പദ്ധതികൾ | 1533796 | സി.എഫ്. സി ടൈഡ് ഗ്രാന്റ് |
| 207/22,11/22 കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ മെയിന്റനൻസ് | 1026120 | മെയിന്റനൻസ് റോഡിതരം |
| 206/22,8/22 കുടിവെള്ള പദ്ധതികളുടെ ഇലക്ട്രിക്കൽ മെയിന്റനൻസ് | 1045620 | മെയിന്റനൻസ് റോഡിതരം |
| കുടിവെള്ള പദ്ധതി മോട്ടോർ മെയിന്റനൻസ് 20-21 ലെ കുടിശ്ശിക തുക നൽകൽ | 250000 | സി.എഫ്. സി ടൈഡ് ഗ്രാന്റ് |
| പമ്പ് ഓപ്പറേറ്റർ വേതനം | 153000 | തനത് ഫണ്ട് |
| ഇലക്ട്രിസിറ്റി ചാർജ് | 3832192 | തനത് ഫണ്ട് |
| | 9942720 | |

സി.എഫ്. സി ടൈഡ് ഗ്രാന്റ് ഉപയോഗിച്ച് പൈപ്പ് ലൈൻ നീട്ടൽ, മോട്ടോർ റിപ്പയർ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. 15ാം ധനകാര്യകമ്മീഷൻ വിനിയോഗ മാർഗ്ഗരേഖ പ്രകാരം പരമ്പരാഗത ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം, പുനരുപയോഗം, പുനചംക്രമണത്തിനും ഉതകുന്ന പദ്ധതികൾക്കാണ് ഈ ഗ്രാന്റ് ഉപയോഗിക്കാവുന്നതെങ്കിലും റിപ്പയർ പ്രവൃത്തികൾക്കായി മാത്രമായി ഫണ്ട് ചെലവഴിക്കേണ്ട സ്ഥിതി ഉണ്ടായിട്ടുണ്ട്. വളരെ പഴയ കുടിവെള്ള പദ്ധതികൾക്കാണ് അടിക്കടി കേടുപാടുകൾ ഉണ്ടാകുന്നതെന്നും താരതമ്യേന പുതിയ പദ്ധതികൾക്ക് റിപ്പയർ കുറവാണെന്നും സെക്രട്ടറി അറിയിച്ചു.

ഉപയോഗം

കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനും ഉപയോഗിക്കുന്നതിനും ഗ്രാമപഞ്ചായത്തിൽ ബൈലോ നിലവിലില്ല. കുടിവെള്ളത്തിന്റെ അമിതഉപയോഗവും ദുരുപയോഗവും വിലയിരുത്തുന്നതിനും തടയുന്നതിനുമായി മീറ്ററിംഗ് പോലെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. ബോധവത്കരണവും പരിശോധനകളും നടത്തി വരുന്നതായും നിലവിൽ പരീക്ഷണാടിസ്ഥാനത്തിൽ ഏതാനും സ്ഥലങ്ങളിൽ മീറ്റർ റീഡിംഗ് ആരംഭിച്ചിട്ടുള്ളതായും സെക്രട്ടറി അറിയിച്ചു. ഉപയോഗം ക്രമീകരിക്കാത്തതു കൊണ്ടു തന്നെ ഇലക്ട്രിസിറ്റി ചാർജ് ഇനത്തിൽ 38 ലക്ഷത്തിലധികം ചെലവു വരുന്നുണ്ട്.

ജൽജീവൻ മിഷൻ പദ്ധതി

ജൽ ജീവൻ മിഷന്റെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ആകെ 6480 ഗാർഹിക കണക്ഷനുകൾ നൽകേണ്ടതുണ്ട്. എന്നാൽ ജലസംഭരണി നിർമ്മിക്കുന്നതിനുള്ള സ്ഥലം ജൽ ജീവൻ മിഷൻ ഏറ്റെടുത്തിട്ടില്ലാത്താത്തതിനാൽ ജൽജീവൻ മിഷന് നാളിതു വരെ ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറാൻ കഴിഞ്ഞിട്ടില്ല .

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. കുടിവെള്ള പദ്ധതികളിലെ ഗുണഭോക്താക്കളുടെ എണ്ണം കൃത്യമാക്കി കുടിശ്ശിക സഹിതമുള്ള തുക പിരിച്ചെടുക്കേണ്ടതാണ്.
2. കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറി നൽകുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

2. ജൽജീവൻ മിഷൻ പ്രവർത്തനക്ഷമമാകുന്നതോടെ ഗ്രാമപഞ്ചായത്തിന് ബാധ്യത സൃഷ്ടിക്കുന്ന കുടിവെള്ളപദ്ധതികളുടെ നടത്തിപ്പു ചുമതലയിൽ നിന്നും പൂർണ്ണമായും ഒഴിവാകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

3. ഗ്രാമപഞ്ചായത്തിലെ പരമ്പരാഗത ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും മഴവെള്ള സംഭരണം, ഭൂജല പരിപോഷണം ഇവക്കായി വൈവിധ്യങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും ശ്രമിക്കേണ്ടതാണ്.

1-22 കെൽട്രോണിൽ നിന്നും തിരികെ ലഭ്യമായ തുക സർക്കാരിലേക്ക് അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

1.പ്രോജക്ട് നം -13/22

പ്രോജക്ടിന്റെ പേര്:എസ് .സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

അടങ്കൽ-700281

ചെലവ് -435664 (ബിൽ നം 5/21.10.21)

2. പ്രോജക്ട് നം 96/22

പ്രോജക്ടിന്റെ പേര്:എസ്. ടി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്

അടങ്കൽ - 30000

ചെലവ് -27229 ( ബിൽ നം 4/13.10.21)

രണ്ട് പദ്ധതികളിലായി ആകെ 17 വിദ്യാർത്ഥികൾക്ക് CPRCS മുഖേന ലാപ്ടോപ്പ് വാങ്ങി നൽകുന്നതിനാണ് ലക്ഷ്യമിട്ടത്. ഇതിനായി ഐ. ടി. മിഷന് കെൽട്രോണിന്റെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം ( 1. 30643/08.10.21, 2.30887/13.10.21) ആകെ 462893 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ലാപ്ടോപ് ലഭ്യമാകുന്നതിന് കാലതാമസം വന്നതിനെത്തുടർന്നുള്ള അന്വേഷണത്തിൽ കെൽട്രോണിന് ലാപ്ടോപ് ലഭ്യമാക്കാൻ കഴിയില്ല എന്നറിയക്കുകയും നൽകിയ തുക 462893 രൂപ തിരികെ ലഭ്യമാക്കുകയും ചെയ്തു. തുക നിലവിൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട്

അക്കൗണ്ടിലാണുള്ളത്. ആകെ 462893 രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം 17/16.01.23- മറുപടി ലഭ്യമാക്കിയിട്ടില്ല)

1-23 ആശ്രയ ഫണ്ടിൽ അവശേഷിക്കുന്ന തുക അഗതിരഹിതകേരളം പദ്ധതിക്ക് വിനിയോഗിക്കേണ്ടതാണ്

വിവിധ ഏജൻസികളിൽ നിന്നും മുൻവർഷങ്ങളിൽ ലഭ്യമായതും വിനിയോഗിക്കാൻ കഴിയാത്തതുമായ താഴെ പറയുന്ന തുകകൾ കുടുംബശ്രീ സി.ഡി.എസ് അക്കൗണ്ടിൽ നിലവിലുള്ളതായി കണ്ടെത്തി.

തുകയുടെ വിവരങ്ങൾ

| തുക ലഭ്യമായത് | തുക | തുക ലഭ്യമായ തീയതി |
|---|---|---|
| ജില്ലാ പഞ്ചായത്ത് - എസ്. സി സ്ഥലം വാങ്ങൽ | 90000 | 24.05.2008 |
| ജില്ലാ പഞ്ചായത്ത് - വീട് സ്ഥലം വാങ്ങൽ | 600000 | 24.05.2008 |
| പല വർഷങ്ങളായി ലഭിച്ച പദ്ധതി വിഹിതത്തിൽ ഉപയോഗിക്കാൻ കഴിയാതെ ബാലൻസ് | 505000 | . |
| ആശ്രയ-പ്ലാൻ വിഹിതം വീട് | 200000 | 24.03.2017 |
| ഇന്റഗ്രേറ്റഡ് ഫണ്ട് | 50000 | . |
| ആകെ | 1445000 | |

സർക്കാർ ഉത്തരവ് നം 252/17/തീയതി 12.12.2017 കുടുംബശ്രീ അഗതിരഹിതകേരളം പദ്ധതി മാർഗ്ഗരേഖ പ്രകാരം ആശ്രയ പദ്ധതിക്കായി ലഭ്യമായതിൽ ബാലൻസ് തുക അഗതിരഹിതകേരളം പദ്ധതിക്കായി വിനിയോഗിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അതനുസരിച്ച് തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം 18/16.01.23- മറുപടി ലഭ്യമാക്കിയിട്ടില്ല)

1-24 കുടിവെള്ള പദ്ധതികൾ- കേടായ മോട്ടോർ തിരികെ ഏൽപ്പിച്ചതിന്റെ വിവരം ലഭ്യമായില്ല

എ) പ്രവൃത്തിയുടെ പേര് : പാളയം കുടിവെള്ള പദ്ധതി മോട്ടോർ മാറ്റി സ്ഥാപിക്കലും അനുബന്ധ പ്രവർത്തികളും

പ്രൊജക്റ്റ് നം. : 168/22

അടങ്കൽ : 200000 (CFC-Tied)

ചെലവ് : 200000(വൗച്ചർ നം. : 22101129/30.03.2022)

എം.ബുക്ക് നം. : 22/2021-22

കരാറുകാരന്റെ പേര് : കെ.വി. രാമചന്ദ്രൻ

മേൽ പറഞ്ഞ എം. ബുക്കിലെ ഇനം 4 പ്രകാരം പ്രവർത്തന രഹിതമായ 10 HP മോട്ടോറും സെക്ഷൻ പൈപ്പ്, പാനൽ ബോർഡ് തുടങ്ങിയവ മാറ്റി പുതിയവ സ്ഥാപിച്ചതിന് 18135രൂപ/HP നിരക്കിൽ 181350 രൂപയും ഇനം 3 പ്രകാരം ഗേറ്റ് വാൾവ് സ്ഥാപിച്ചതിന് 982.82 രൂപയും കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ കേടുവന്ന മോട്ടോർ പമ്പ് സെറ്റ് പഞ്ചായത്തിൽ ഏല്പിക്കുകയോ ഇവ ലേലം ചെയ്ത് തുക പഞ്ചായത്തിൽ അടവാക്കുകയോ ചെയ്തതിന്റെ വിവരം ലഭ്യമല്ല.

ബി) പ്രവൃത്തിയുടെ പേര് : കുറുവായ് കുടിവെള്ള പദ്ധതി പൈപ്പ്ലൈൻ നീട്ടലും മോട്ടോർ മാറ്റി സ്ഥാപിക്കലും

പ്രൊജക്ട് നം. : 169/22

അടങ്കൽ : 150000 (CFC-Tied)

ചെലവ് : 150000(വൗച്ചർ നം. : 22101472/31.03.2022-147272, IT-1364- KCWWF-1364)

എം.ബുക്ക് നം. : 23/2021-22

കരാറുകാരന്റെ പേര് : കെ.വി. രാമചന്ദ്രൻ

മേൽ പറഞ്ഞ എം. ബുക്കിലെ ഇനം 3 പ്രകാരം പ്രവർത്തന രഹിതമായ 7.5 HP മോട്ടോറും സെക്ഷൻ പൈപ്പ്, പാനൽ ബോർഡ് തുടങ്ങിയവ മാറ്റി പുതിയവ സ്ഥാപിച്ചതിന് 18135രൂപ/HP നിരക്കിൽ 90675 രൂപയും ഇനം 1 പ്രകാരം GI Pipe സ്ഥാപിച്ചതിന് 1125.48 രൂപയും കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ കേടുവന്ന മോട്ടോർ പമ്പ് സെറ്റ് പഞ്ചായത്തിൽ ഏല്പിക്കുകയോ, ലേലം ചെയ്ത് തുക പഞ്ചായത്തിൽ അടവാക്കുകയോ ചെയ്തതിന്റെ വിവരം ലഭ്യമല്ല.

മേൽ പ്രവൃത്തികളിലെ അപാകങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ 8/13.01.2023 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത മോട്ടോർ പഞ്ചായത്തിൽ തിരികെ ഏല്പിച്ചിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

കേടായ മോട്ടാർ പമ്പ്സെറ്റുകൾ ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും റിപ്പയർ പ്രവൃത്തി ചെയ്ത് മറ്റു കുടിവെള്ള പദ്ധതികളിൽ പ്രയോജനപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്. ഇവ റിപ്പയർ ചെയ്യാൻ കഴിയാത്തപക്ഷം ലേലം ചെയ്ത് ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പദ്ധതികൾ- ലഘു അവലോകനം

2021-22 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ 54 സ്പിൽ ഓവർ പ്രവൃത്തികൾ ഉൾപ്പെടെ 135 പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 108 പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയത്. പ്രവൃത്തികൾ നടപ്പിലാക്കിയതിൽ 51 എണ്ണം സ്പിൽ ഓവറും 57 എണ്ണം പുതിയതുമാണ്. ₹48606905 വകയിരുത്തിയതിൽ ₹36614231ആണ് ചെലവഴിച്ചിട്ടുള്ളത്. തൻവർഷത്തെ ആകെ ചെലവ് 75.32% മാത്രമാണ്.

മേഖല തിരിച്ചുള്ള ചെലവ് താഴെ കൊടുക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2466060 | 1392769 |
| വികസന ഫണ്ട് (എസ്.സി.പി) | 2298355 | 1846669 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 14086274 | 11515740 |

| | | |
|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1661822 | 643479 |
| തനത് ഫണ്ട് | 3333395 | 1899715 |
| മെയി.ഫണ്ട്(റോഡ്) | 21477000 | 17828090 |
| മെയി.ഫണ്ട് (നോൺ-റോഡ്) | 3283999 | 1487769 |
| ആകെ | 48606905 | 36614231 |

മേൽ പ്രവൃത്തികളുടെ ഫയലുകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കണമെന്നും പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

കൂടാതെ താഴെ പറയുന്ന സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

- പ്രൊജക്ട് നം. 249/22- ടെയ്ക്ക് എ ബ്രേക്ക് കെട്ടിട നിർമ്മാണം
- പ്രൊജക്ട് നം. 234/22- ചന്തപ്പുര നായർത്തറ റോഡ് റീടാറിംഗ്
- പ്രൊജക്ട് നം. 239/22- ചക്കണ്ട് കുടിവെള്ള പദ്ധതി

2. ടെണ്ടർ രജിസ്റ്ററിൽ ഭരണ സമിതി തീരുമാനം/തിയതി എഴുതുന്നില്ല.

3. മരാമത്ത് പ്രവൃത്തിയുടെ പേര്, വർഷം, ഫണ്ടിനം, ചെലവഴിച്ച തുക, സ്ഥാപനത്തിന്റെ പേര് എന്നിവ സൂചിപ്പിക്കുന്ന ഡിസ്പ്ലേ ബോർഡിനുള്ള തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി (നം. 15/16.01.2022) ക്ക് അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ആവശ്യകത വിലയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ആവിഷ്കരിക്കുന്ന പദ്ധതികൾ അതാതു വർഷം തന്നെ നടപ്പിലാക്കുന്നതിനും റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതിയും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി തുടർ വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-26 MGNREGS മെറ്റീരിയൽ പർച്ചേസ്- സപ്ലൈയറിൽ നിന്ന് GST സോഴ്സിൽ നിന്നും 2% ഈടാക്കി അടവാക്കിയിട്ടില്ല.

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ MGNREGS മെറ്റീരിയൽ പ്രവൃത്തികൾക്കായി ടെണ്ടർ മുഖാന്തിരം സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാർ വിവിധ പ്രവൃത്തികൾക്കായി സാധനങ്ങൾ സപ്ലൈ ചെയ്തതിന് GSTരേഖപ്പെടുത്തിയ ബില്ലുകൾ നൽകിയിട്ടുണ്ട്. കരാറുകാരിൽ നിന്നും ചരക്ക്

സേവന നികുതി 2% (1% CGST +1% SGST) ഈടാക്കി സർക്കാരിലേക്ക് അടവാക്കിയതായി കാണുന്നില്ല. (2.5 ലക്ഷത്തിൽ അധികരിച്ച വരുന്ന കോൺട്രാക്കുകളിൽ നിന്ന് സോഴ്സിൽ തന്നെ 2% കുറവ് ചെയ്ത് അടവാക്കാൻ നിർവ്വഹണോദ്യോഗസ്ഥൻ ബാദ്ധ്യസ്ഥനാണ് )

മെറ്റീരിയൽ പർച്ചേസ് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ബിൽ നം./തീയതി | മെറ്റീരിയൽസ് തുക |
|---|---|---|---|
| 1 | പാളയം പ്രദേശത്ത് എം.സി.എഫ് നിർമ്മാണം | 11/2.9.21 | 21645 |
| 2 | മന്ദം പ്രദേശത്ത് എം.സി.എഫ് നിർമ്മാണം | 12/2.9.21 | 21645 |
| 3 | ഗ്രാമം പ്രദേശത്ത് എം.സി.എഫ് നിർമ്മാണം | 13/2.9.21 | 21645 |
| 4 | വടക്കഞ്ചേരി പ്രദേശത്ത് എം.സി.എഫ് നിർമ്മാണം | 14/2.9.21 | 21645 |
| 5 | മാണിക്കപ്പാടം മുതൽ പുതുകുളം വരെ റോഡ് കോൺക്രീറ്റ് | 80/1.4.21 | 11688 |
| 6 | വാരുകുന്ന് കോലംകോട് റോഡ് കോൺക്രീറ്റ് | 86/1.4.21 | 11688 |
| 7 | ആയക്കാട് ഗ്രാമം റോഡ് കോൺക്രീറ്റ് രണ്ടാം ഘട്ടം | 139/1.4.21 | 2201 |
| 8 | ചുങ്കപ്പുര പാല്ലാറോഡ് കോൺക്രീറ്റ് | 179/1.4.21 | 11688 |
| 9 | പൈറ്റാറ റോഡ് കോൺക്രീറ്റ് | 178/1.4.21 | 11688 |
| 10 | മാണിക്കപ്പാടം റോഡ് കോൺക്രീറ്റ് | 138/1.4.21 | 11688 |
| 11 | കരിങ്കുളം റോഡ് കോൺക്രീറ്റ് | 126/1.4.21 | 11688 |
| 12 | എം.എൻ ലക്ഷം വീട് കോളനി റോഡ് കോൺക്രീറ്റ് | 157/1.4.21 | 11162 |
| | | 23/1.4.21 | 113823 |
| 13 | കണ്ണ്യാർകുന്നം ലിങ്ക് റോഡ് കോൺക്രീറ്റ് | 154/1.4.21 | 11681 |
| 14 | മിച്ചാരംകോട് റോഡ് കോൺക്രീറ്റ് | 155/1.4.21 | 11688 |
| 15 | അടിയത്തുപാടം താഴെ പനവരമ്പ് റോഡ് കോൺക്രീറ്റ് | 141/1.4.21 | 1200 |
| 16 | മംഗലത്ത് പറമ്പ് തിരുവറ റോഡ് കോൺക്രീറ്റ് | 197/18.8.21 | 8924 |
| | | 84/1.4.21 | 11688 |
| 17 | പരുവാശ്ശേരി കനാൽ ബണ്ട് റോഡ് കോൺക്രീറ്റ് | 135/1.4.21 | 186706 |
| | | 136/1.4.21 | 92774 |
| | | 231/18.8.21 | 11891 |
| 18 | പരുവാശ്ശേരി കളത്തിൽ റോഡ് കോൺക്രീറ്റ് | 190/1.4.21 | 26001 |
| | | 81/18.821 | 11704 |
| 19 | കോലംകോട് ഇടവഴി റോഡ് കോൺക്രീറ്റ് | 198/18.8.21 | 11688 |
| 20 | തേനിടുക്ക ചടച്ചിങ്കൽ റോഡ് സൈഡ് പ്രൊട്ടക്ഷൻ | 141/1.4.21 | 175725 |
| 21 | ചുവട്ടുപാടം- തോട്ടക്കളമ്പ് റോഡ് കോൺക്രീറ്റ് | 138/1.4.21 | 92774 |
| | | 137/1.4.21 | 189477 |

| | | | |
|---|---|---|---|
| 22 | ചുവട്ടുപാടം- മുസ്ലീംപള്ളി റോഡ് കോൺക്രീറ്റ് | 139/1.4.21 | 189477 |
| | | 140/1.4.21 | 92774 |
| 23 | ചോഴിയംകാട് ചെന്നയക്കപാടം റോഡ് കോൺക്രീറ്റ് | 222/18.8.21 | 11688 |
| 24 | ഇയ്യാനി കനാൽബണ്ട് റോഡ് കോൺക്രീറ്റ് | 111/1.4.21 | 150374 |
| | | 112/1.4.21 | 98872 |
| | | 113/1.4.21 | 123129 |
| 25 | പയ്യകുണ്ട് ലിങ്ക് റോഡ് കോൺക്രീറ്റ് | 176/1.4.21 | 189477 |
| | | ആകെ | 1983606 |

(മെറ്റീരിയൽ സപ്ലൈ ചെയ്തത് ഉണ്ണികൃഷ്ണൻ.ആർ എന്ന കരാറുകാരനാണ്)

മേൽ പ്രവൃത്തികൾക്ക് ബില്ലിൽ നിന്നും GST സോഴ്സിൽ തന്നെ 2% കുറവ് ചെയ്യാതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/16.01.2023) ജി.എസ്.ടി കരാറുകാരൻ അടവാക്കിയതായി ഉറപ്പ് വരുത്തിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ബിൽ തുക അനുവദിക്കുമ്പോൾ തന്നെ GST സോഴ്സിൽ തന്നെ 2% ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 06-01-2023 മുതൽ 16-01-2023 വരെ<br>2021-22 ഓഡിറ്റിനോടൊപ്പം | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | തുക | ലഭിച്ച | പ്രൊജക്ടിന്റെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| നൽകിയ സ്ഥാപനം | ലഭിച്ച വർഷം | തുക | പേര് | | |
|---|---|---|---|---|---|
| ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | 20-21 | 896031 | വനിതകൾക്ക് ജിംനേഷ്യം | 683400 | 212631 |
| | 21-22 | 33325 | 125/22 നെൽകൃഷി പ്രാരംഭ ചെലവ് ധനസഹായം - SCP | 33325 | 0 |
| | 21-22 | 1150000 | 119/22 നെൽകൃഷി പ്രാരംഭ ചെലവ് ധനസഹായം, ജനറൽ | 1150000 | 0 |
| | 21-22 | 100000 | 44/22 അങ്കണവാടി പോഷകാഹാരം -ജനറൽ | 100000 | 0 |
| | 21-22 | 125000 | 132/22 ഭിന്നശേഷി ക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 125000 | 0 |
| | | 2304356 | | 2091725 | 212631 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 20-21 | 17635 | നെൽകൃഷിക്ക് പ്രാരംഭ കൃഷിക്ക് ഉഴവുകൂലി | 0 | 17635 |
| | 21-22 | 66650 | 125/22 നെൽകൃഷി പ്രാരംഭ ചെലവ് ധനസഹായം - SCP | 66650 | 0 |
| | 21-22 | 1426000 | 119/22 നെൽകൃഷി പ്രാരംഭ ചെലവ് ധനസഹായം ,ജനറൽ | 1426000 | 0 |
| | 21-22 | 40000 | 295/22 ലൈഫ് ഭവനപദ്ധതി- TSP | 40000 | 0 |

| | | | | | |
|---|---|---|---|---|---|
| | 21-22 | 140000 | 155/22 ലൈഫ് ഭവനപദ്ധതി-ജനറൽ | 140000 | 0 |
| | 21-22 | 130000 | 92/22 ലൈഫ് ഭവനപദ്ധതി-SCP | 130000 | 0 |
| | 21-22 | 145000 | 9/22, ക്ഷീരകർഷകർക്ക് പാലിന് ഇൻസന്റീവ് | 145000 | 0 |
| ആകെ | | 1965285 | | 1947650 | 17635 |

സുലേഖ ചെലവു പത്രിക പ്രകാരം ആകെ ബ്ലോക്ക് ഷെയർ വരവ് 1408325 രൂപയാണ്

എന്നാൽ R&P പത്രിക പ്രകാരം ആകെ ബ്ലോക്ക് ഷെയർ ( Head Code -160300102) 1308325 രൂപ മാത്രമാണ്. 100000 രൂപയുടെ വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷേപ പ്രവൃത്തികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം ഈ ഇനത്തിൽ ചെലവില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലൈഫ് ഭവന പദ്ധതിക്കായുള്ള ലോൺ | സ.ഉ.(സാധാ) നം 68/2018 ത.സ്വ.ഭ.വ/ 18.05.18 | 22885333, തൻവർഷം വരവില്ല | 22885333 | 1415333 | - | 21470000 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹1000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | ₹1000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹1000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | മലപ്പുറം കോപ്പറേറ്റീവ് സ്പിന്നിംഗ് മിൽ ഓഹരി | 13.09.1977 | - | ₹1000 |
| ആകെ | | | | ₹1000 |

## 4-7 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യപത്രിക പ്രകാരം Recovery From Employees-Penalties And Fines, Recovery From Employess- Audit Recovery Based On Charge Certificate, Recovery From Employees- Others എന്നീ 3ഹെഡുകളിലായാണ് ഓഡിറ്റ് റിക്കവറി വരവ് എടുത്തിട്ടുള്ളത്. 160808 രൂപയാണ് 3 ഹെഡുകളിലുമായുള്ള ആകെ വരവ്. ഇതിൽ ഓഡിറ്റ് റിക്കവറി ഇനത്തിലുള്ള 117458 രൂപ വരവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 2018-19 | 3-1 | 5000 | അസിസ്റ്റന്റ് എഞ്ചിനീയർ | 1210106519/ 17.11.21 |
| 2018-19 | 3-2 | 2297 | | 1210106520/ 17.11.21 |
| 2019-20,2020-21 | 1-11(എ) | 20040 | തൊഴിൽ നികുതി ഇനത്തിൽ ഈടാക്കിയ തുക | 1210106525/ 17.11.21 |
| 2018-19 | 1-13 | 2315 | വസ്തു നികുതി | 1210106589/ 18.11.21 |
| 2018-19 | 1-11(എ) | 1800 | തൊഴിൽ നികുതി ഇനത്തിൽ ഈടാക്കുന്ന തുക | 1210106620/ 19.11.21 |
| 2019-20 | 1-11(എ) | 1800 | | 1210106621/ 19.11.21 |
| 2020-21 | 1-11(എ) | 2100 | | 1210106622/ 19.11.21 |
| 2020-21 | 1-11(എ) | 720 | | 1210106655/ 19.11.21 |

| | | | | |
|---|---|---|---|---|
| 208-19 മുതൽ 2020-21 | 1-11(എ) | 1440 | | 1210106656/ 19.11.21 |
| 208-19 മുതൽ 2020-21 | 1-11(സി) | 450 | | 1210200503/ 09.12.21 |
| 2018-19 | 1-11(എ) | 3000 | | 1210108887/ 1.11.21 |
| 2019-20 | 1-11(എ) | 3300 | | 1210105888/ 1.11.21 |
| 2020-21 | 1-11(എ) | 2700 | | 1210105889/ 1.11.21 |
| 208-19 മുതൽ 2020-21 | 1-11(എ) | 14100 | | 1210204835 /08.02.22 |
| 2018-19 | 1-13 | 7926 | വ്സതു നികുതി | 1210300559/ 18.02.22 |
| 2018-19 | 1-13 | 13960 | വ്സതു നികുതി | 1210208907/ 23.03.22 |
| 2018-19 | 1-13 | 9170 | വസ്തു നികുതി | 1210300717/ 08.03.22 |
| 2018-19 | 1-11(എ) | 2100 | തൊഴിൽ നികുതി | 1210102519/ 19.07.21 |
| 2018-19 | 1-11(എ) | 6300 | തൊഴിൽ നികുതി | 1210102734/ 28.07.21 |
| 2018-19 | 1-11(എ) | 6300 | തൊഴിൽ നികുതി | 1210102733/ 28.07.21 |
| 2020-21 | 1-11(എ) | 6300 | തൊഴിൽ നികുതി | 1210102735/ 28.07.21 |
| 2018-19 | 1-11(സി) | 500 | തൊഴിൽ നികുതി | 1210102762/ 29.07.22 |
| 2019-20 | 1-11(എ) | 1200 | തൊഴിൽ നികുതി | 1210108718/ 27.10.21 |
| 2018-19 | 1-11(എ) | 1680 | തൊഴിൽ നികുതി | 1210105719/ 27.10.21 |
| 2020-21 | 1-11(എ) | 960 | | 1210105720/ 27.10.21 |
| | ആകെ | 117458 | | |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 2016-17 | 3-8 | 2017-18 | 2-1-9-12 | സോളാർ പ്ലാന്റ് പ്രവർത്തന ക്ഷമമല്ല-പാഴ്ചെലവ് | സമിതിയുടെ പരിഗണനയിൽ |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | ₹138448067.50 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹123817414.00 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 683000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 683000 | ശ്രീ മാർട്ടിൻ ജോർജ് , സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| ശ്രീ മാർട്ടിൻ ജോർജ് , സെക്രട്ടറി | സെക്രട്ടറി, ആർപ്പൂക്കര ഗ്രാമപഞ്ചായത്ത് കോട്ടയം ജില്ല. | ചാമക്കാലായിൽ വീട് കാണാക്കാരി, ഏറ്റുമാനൂർ , കോട്ടയം ജില്ല. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | LFP9-307/98/26-8-1998 | 31 |
| 1997-98 | LFP10-908/99/26-05-2000 | 25 |
| 1998-99 | LFP10-487/2002/4-6-2002 | 10 |
| 2000-01 | LFP10-1056/06/08.10.07 | 12 |
| 2000-01 | LFP10-1394/07/6-10-2010 | 13 |
| 2001-02 | LFP10-427/2010(1)/21-01-2011 | 7 |
| 2002-03 | LFP10-1545/2010(1) /21-01-2011 | 3 |
| 2003-04 | LFP10-277/2011/17-3-2011 | 17 |
| 2004-05 | LFP10-1547/09/13-10-2010 | 7 |
| 2005-06 | LFP10-1548/09(1)/21-1-2011 | 3 |
| 2006-07 | LFP10-1549/09(1)/21-1-2011 | 6 |
| 2007-08 | LFP10-1064/14/7-5-2014 | 9 |
| 2008-09 | LFP10-544/15/3-6-2015 | 4 |
| 2009-10 | LFP10-2054/13/4-12-2013 | 8 |
| 2010-11 | LFP10-1269/13/17-11-2014 | 12 |
| 2011-12 | KSA PKD-10/1948 /14/22-9-2015 | 6 |
| 2012-13 & 2013-14 | KSA PKD-10/1620 /15/5-6-2017 | 13 |
| 2014-15 | KSA PKD-10-1390/16 /4-4-2017 | 5 |
| 2015-16 | KSA PKD-10-164/17 /30-1-2017 | 15 |

| | | |
|---|---|---|
| 2016-17 | KSA PKD-10-1682/17 /16-9-2017 | |
| 2017-18 | KSA PKD-10-347(A)/2019/ 06.04.2019 | 21 |
| 2018-19 | KSA PKD-10-946/20 /15.10.2020 | 16 |
| 2019-20 | KSA.PKD-10/947 /20/03.04.2021 | 24 |
| 2020-21 | KSA PKD-10-1481/2022 | 26 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം .3

## വാർഷിക ധനകാര്യ പത്രിക- സംക്ഷിപ്തം

| Vadakkenchery Grama Panchayat RECEIPT &PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 15135819.50 |
| Cash | Cash | RP-40(a) | 1159.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 3302320.00 |
| 130000000 | Rental income from Panchayat Properties | RP-3 | 58500.00 |
| 140000000 | Fees & User Charges | RP-4 | 1235810.00 |
| 150000000 | Sale & Hire Charges | RP-5 | 251772.00 |
| 151000000 | Receipts from Transferred Institutions | RP-6 | 5928.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 82975135.00 |
| 171000000 | Interest Earned | RP-9 | 1812.00 |
| 210000000 | Establishment Expenses | RP-12 | 700.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 14085791.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 17453482.00 |
| 460000000 | Loans, Advances and Deposits | RP-49 | 9000.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 161302.00 |
| 340000000 | Deposits Received | RP-33 | 1233557.00 |
| 350000000 | Other Liabilities | RP-35 | 2535980.00 |
| | Grand total | | 138448067.50 |
| | PAYMENTS | | |
| | Operating | | |
| 250000000 | Decentralised Plan Programme- Productive Sector | RP-16 | 13003044.00 |
| 251000000 | Decentralised Plan Programme- Service Sector | RP-17 | 22719594.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-18 | 15162182.00 |
| 412000000 | Capital Work In Progress | RP-39 | 10387151.00 |
| 414000000 | Annual plan - Capital Expences(Service Sector) | RP-41 | 1778240.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 300000.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 893164.00 |
| 460000000 | Loans, Advances and Deposits | RP-49 | 164400.00 |
| | Non Operating | | |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-33 | 424693.00 |
| 350000000 | Other Liabilities | RP-35 | 58632702.00 |
| 413000000 | Annual Plan- Capital Expences (Productive Sector) | RP-40 | 352244.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 14395133.50 |
| Cash | Cash | RP-40(b) | 235520.00 |
| | Grand Total | | 138448067.50 |

Vadakkenchery Grama Panchayat INCOME & EXPENDITURE STATEMENT

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 12865369.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 2794152.00 |
| 140000000 | Fee & User Charges | I-4 | 5945738.00 |
| 150000000 | Sale & Hire Charges | I-5 | 251772.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 211135580.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 1812.00 |
| 180000000 | Other Income | I-9 | 161302.00 |
| 190000000 | Prior Period Income | I-19 | 724688.00 |
| | Total Income | | 233155725.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 23786652.00 |
| 220000000 | Administrative Expenses | I-11 | 903580.00 |
| 230000000 | Operations & Maintenance | I-12 | 6819508.00 |
| 240000000 | Interest & Finance Charges | I-13 | 3566.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 10216213.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 44562675.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 21192588.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 34174453.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 85969995.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |

| | | | |
|---|---|---|---|
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 931865.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(A) | 5026951.00 |
| | Total Expenditure | | 233588046.00 |
| | Gross Surplus / Deficit of income over Expenditure | | -432321.00 |
| | Gross Surplus / Deficit of income over Expenditure | | -2122888.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 2415255.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | -1690567.00 |

| Vadakkenchery GramaPanchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 26734819.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 90748205.00 |
| | Total Reserve & Surplus | | 117483024.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8901041.50 |
| | Total Grants, Contributions for Specific Purposes | | 8901041.50 |
| | Loans | | |
| 330000000 | Secured Loans | B-5 | 21470000.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 21470000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 6529829.00 |
| 341000000 | Deposits Works | B-8 | 17232.00 |
| 350000000 | Other Liabilities | B-9 | 4222442.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 10769503.00 |
| | TOTAL LIABILITIES | | 158623568.50 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 1267798.00 |
| 412000000 | Capital Work in Progress | B-11(b) | 5949971.00 |

| | | | |
|---|---|---|---|
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 2838286.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 43144667.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 88936195.00 |
| 416000000 | Accumulated Depreciation | B-11(a) | -27769837.00 |
| | Total Fixed Assets | | 114367080.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 1000.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 1000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 6319575.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 21470000.00 |
| 450000000 | Cash and Bank Balance | B-17 | 14630653.50 |
| 460000000 | Loans, Advances and Deposits | B-18 | 1835260.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 44255488.50 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 158623568.50 |

ഡെപ്യൂട്ടി ഡയറക്ടർ